**പതിനഞ്ചാം കേരള നിയമസഭ**

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## ഒമ്പതാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2014-2016)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**ഒമ്പതാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2014-2016)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | | v |
| ആമുഖം | | vii |
| റിപ്പോർട്ട് | | 1 |
| അനുബന്ധം 1 | 2016-17 വർഷം പദ്ധതി വിഹിതത്തിന്റെ 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായി ചെലവഴിക്കാത്ത ഗ്രാമ പഞ്ചായത്തുകളുടെ വിവരങ്ങൾ | 31 |
| അനുബന്ധം II | ആയുഷ് വകുപ്പിന്റെ വയോ അമൃതം, സ്നേഹധാര പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശം | 51 |
| അനുബന്ധം III | നിയമസഹായ ക്ലിനിക്ക് സംബന്ധിച്ച റവന്യൂ വകുപ്പിന്റെ റിപ്പോർട്ട് | 59 |
| അനുബന്ധം IV | മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാംപഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ | 65 |

## മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)

### ഘടന

ചെയർപേഴ്സൺ :

ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. സി. കെ ഹരീന്ദ്രൻ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

വാഴൂർ സോമൻ*

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആനന്ദ് കെ., അണ്ടർ സെക്രട്ടറി

*21.08.2025-ാം തീയതി അന്തരിച്ചു.

# ആമുഖം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026) യുടെ അധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ 9-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-2016) യുടെ നാലാമത് റിപ്പോർട്ട് 2014 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ 16 ശിപാർശകൾക്ക് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ വിവിധ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ചില റിപ്പോർട്ടുകളിന്മേൽ സമിതി അധിക വിവരം ആരായുകയും ചെയ്തു.

പ്രസ്തുത ശിപാർശകളിന്മേലും സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലും വിവധ വകുപ്പുകൾ സ്വീകരിച്ച നടപടികളും സമിതിയുടെ തുടർ ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**
ചെയർപേഴ്സൺ,
മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
**2026 ഫെബ്രുവരി 5**

# റിപ്പോർട്ട്

മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി സർക്കാരും സർക്കാരിതര സംഘടനകളും നടത്തുന്ന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നതിനുമായി മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സന്ദർശനം നടത്താറുണ്ട്. അത്തരം സന്ദർശനങ്ങളുടെ ഭാഗമായി 2013 നവംബർ 27-ാം തീയതി സമിതി എറണാകുളം ജില്ല സന്ദർശിക്കുകയും മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി ജില്ലയിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും നിർദ്ദേശങ്ങളും ശിപാർശകളും നൽകുകയും ചെയ്തു. പ്രസ്തുത ശിപാർശകളാണ് സമിതി പതിമൂന്നാം കേരള നിയമസഭയിൽ സമിതിയുടെ നാലാമത് റിപ്പോർട്ടായി സമർപ്പിച്ചത്. 2014 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ 16 ശിപാർശകൾ ഉണ്ടായിരുന്നു. റിപ്പോർട്ടിലെ 16 ശിപാർശകളിന്മേൽ സാമൂഹ്യനീതി , തദ്ദേശസ്വയംഭരണം, റവന്യൂ, ആരോഗ്യകുടുംബക്ഷേമം, ആയുഷ്, ആഭ്യന്തരം എന്നീ വകുപ്പുകൾ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള പത്രികകൾ ലഭ്യമാക്കിയിട്ടുണ്ട് . സമിതിയുടെ 03.06.2015, 16.09.2015, 08.09.2016, 24.01.2017, 25.07.2018, 27.12.2019, 09.02.2021 12.04.2023, 29.11.2023, 03.07.2025, 10.09.2025, 22.10.2025, എന്നീ തീയതികളിലെ യോഗങ്ങളിലും 05.08.2025 ലെ ഫയൽ അദാലത്തിലും പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ഖണ്ഡിക 11 മേൽ തുടർശിപാർശ നല്കുകയും ചെയ്തു.

സമിതി ശിപാർശകളും സമിതി അംഗീകരിച്ച സർക്കാർ മറുപടികളും ഈ റിപ്പോർട്ടിലെ ഒന്നാം അദ്ധ്യായമായും സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും അവയിന്മേൽ സമിതി നിർദേശിച്ച തുടർശിപാർശകളും രണ്ടാം അദ്ധ്യായമായും ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം-1

## സമിതി ശിപാർശകളും സമിതി അംഗീകരിച്ച സർക്കാർ റിപ്പോർട്ടുകളും

### ഖണ്ഡിക 3

സാമൂഹ്യനീതി വകുപ്പിന് കീഴിൽ തേവരയിൽ 15.08.1997 മുതൽ ഒരു സർക്കാർ വൃദ്ധസദനവും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ മുപ്പത്തിമൂന്ന് വൃദ്ധസദനങ്ങളും എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്നുവെന്നും ഇവയുടെ പ്രവർത്തനത്തിനാവശ്യമായ തുക ലഭിക്കുന്നുണ്ടെന്നും വൃദ്ധജനങ്ങൾക്കായി മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഈ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നതായും ഭക്ഷണം, ചികിത്സ, വിശ്രമം എന്നിങ്ങനെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കിയിട്ടുള്ളതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. സർക്കാർ വൃദ്ധസദനം പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടില്ലെന്നും ഇതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്നും സമിതി കണ്ടെത്തി. ഇത്തരം കാലവിളംബം നിരാശ്രയരായ വൃദ്ധജനങ്ങൾക്ക് ലഭിക്കേണ്ട സാമൂഹ്യസുരക്ഷ നിഷേധിക്കുന്നതിന് തുല്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി കെട്ടിട നിർമ്മാണം അതിവേഗം പൂർത്തിയാക്കി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പരമാവധി മുതിർന്നവരെ അധിവസിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

### സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

*(സാമൂഹ്യനീതി (സി) വകുപ്പിന്റെ 27.07.2015-ലെ 3780/സി3/2014/സാ.നീ.വ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി.)*

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള തേവരയിലെ വൃദ്ധസദനത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കിയത് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ആയിരുന്നു. ആയതിലേയ്ക്കായി മൂന്നു ഗഡുക്കളായി 44,63,908/- രൂപ ടി നിർമ്മാണ ഏജൻസിക്ക് നൽകിയിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി കേരളാ

സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ ചുമതലപ്പെടുത്തിയെങ്കിലും ഹൗസിംഗ് ബോർഡ് നിശ്ചിത സമയത്തിനകം പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ കെട്ടിടം പണി സ്തംഭിക്കുകയുണ്ടായി. ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തേവര വൃദ്ധസദനത്തിന്റെ നിർമ്മാണം കൊച്ചിൻ കോർപ്പറേഷൻ ഏറ്റെടുക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 2015 ഫെബ്രുവരി 7-ന് ആരംഭിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയാലുടൻതന്നെ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പരമാവധി അംഗങ്ങളെ അധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**<u>സമിതി ആരാഞ്ഞ അധികവിവരം</u>**

16.09.2015-ലെ യോഗത്തിൽ റിപ്പോർട്ട് പരിഗണിച്ച സമിതി , തേവരയിലെ വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തികരിച്ചോയെന്നും അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അന്തേവാസികളെ അധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ആരാഞ്ഞു.

**<u>സാമൂഹ്യനീതി വകുപ്പ് നൽകിയ അധിക വിവരം</u>**

*<u>(സാമൂഹ്യനീതി (സി) വകുപ്പിന്റെ 04.08.2025-ലെ സാ.നീ.വ-സി2/80/2022-സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)</u>*

എറണാകുളം ജില്ലയിലെ തേവരയിൽ പ്രവർത്തിക്കുന്ന ഗവ. വൃദ്ധസദനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ 2024-25 സാമ്പത്തിക വർഷത്തിൽ എറണാകുളം കൊച്ചി കോർപ്പറേഷൻ 23 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. ടി വൃദ്ധസദനത്തിൽ 45-ഓളം അന്തേവാസികൾ നിലവിൽ താമസിച്ച് വരുന്നുണ്ട്.

*(സമിതിയുടെ 05.08.2025-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക-4

സംസ്ഥാന സർക്കാർ 2012-13 വർഷത്തിൽ നാലുലക്ഷം രൂപ തേവര വൃദ്ധസദനത്തിനായി അനുവദിച്ചെങ്കിലും 2013-14 വർഷത്തിൽ രണ്ടര ലക്ഷം രൂപ മാത്രമാണ് അനുവദിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. നിരാലംബരായ ഒരു ജനവിഭാഗത്തിന് മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞ ഫണ്ട് അനുവദിക്കുന്നത് ഒരു ജനകീയ സർക്കാരിന് യോജിച്ച നടപടിയല്ലെന്ന് സമിതി കരുതുന്നു. മാത്രമല്ല, മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളുടെ ഫലമായി മുതിർന്ന പൗരൻമാരുടെ എണ്ണം അതിവേഗം വർദ്ധിക്കുന്നതിനാൽ ഒരു ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു വൃദ്ധസദനം മാത്രം അപര്യാപ്തമാണ്. ആയതിനാൽ ഓരോ ജില്ലയിലും ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ ഒന്നിലധികം സ്ഥലങ്ങളിൽ സർക്കാർ വൃദ്ധസദനങ്ങൾ സ്ഥാപിക്കണമെന്നും ഇവയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തുക അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

*(സാമൂഹ്യ നീതി വകുപ്പിന്റെ 15.03.2019-ലെ സാനീവ-സി1/122/2018-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

തേവര സർക്കാർ വൃദ്ധസദനത്തിനായി അനുവദിച്ച തുക താഴെപറയും പ്രകാരമാണ്.

| വർഷം | തുക |
|---|---|
| 2012-13 | 4 ലക്ഷം |
| 2013-14 | 3.5 ലക്ഷം |
| 2014-15 | 3.96 ലക്ഷം |
| 2015-16 | 4 ലക്ഷം |
| 2016-17 | 4.25 ലക്ഷം |
| 2017-18 | 5.5 ലക്ഷം |

സർക്കാർ വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തിനായി അനുവദിക്കുന്ന തുകയിൽ കുറവ് വരുത്തിയിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ രണ്ട് വൃദ്ധസദനങ്ങൾ, എറണാകുളം ജില്ലയിൽ ഡിമെൻഷ്യാ കെയർ സെന്റർ ഉൾപ്പെടെ രണ്ട് വൃദ്ധസദനങ്ങൾ എന്നിവയുൾപ്പെടെ 14 ജില്ലകളിലായി 16 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല സംസ്ഥാനത്തുടനീളം ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷനോടു കൂടിയ സർക്കാർ ഗ്രാന്റ് നൽകുന്ന 613 സ്വകാര്യ വൃദ്ധ സദനങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്.

*(സമിതിയുടെ 12.04.2023-ലെ യോഗത്തിൽ അംഗീകരിച്ചു)*

**ഖണ്ഡിക - 5**

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ഇവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനുമുള്ള സംവിധാനം ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സ്വകാര്യ വ്യക്തികളും സംഘടനകളും നടത്തുന്ന വൃദ്ധസദനങ്ങളിൽ അന്തേവാസികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് നിർബന്ധമാക്കണമെന്നും പ്രസ്തുത രജിസ്റ്ററുകൾ കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ചില സ്ഥാപനങ്ങൾ വിദേശത്തു നിന്നും സ്വദേശത്ത് നിന്നും വൻതോതിൽ സംഭാവന സ്വീകരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം വരുമാനം സംബന്ധിച്ചും ഇതിൽനിന്ന് അന്തേവാസികളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്ന തുക സംബന്ധിച്ചുമുള്ള പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

*(സാമൂഹ്യനീതി (സി) വകുപ്പിന്റെ 15.03.2019-ലെ സാനീവ-സി1/122/2018-സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

വൃദ്ധസദനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുമായി ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ ) ആക്റ്റ് 1960 പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ബോർഡ് അംഗീകാരം നല്കിയിട്ടുള്ള സ്ഥാപനങ്ങളെ ജില്ലാതലത്തിൽ നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറുമായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥർ , ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ, ഓർഫനേജ് കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥർ, പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർ ; ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തുന്നുണ്ട്. സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിക്കുന്നവർക്ക് കൗൺസിലിംഗ് നൽകുന്നതിനായി നിയമിച്ചിട്ടുള്ള 40 കൗൺസിലർമാരും സ്ഥാപനം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ട്.

ഓരോ സ്ഥാപനത്തിലും സംരക്ഷിക്കപ്പെടുന്നവരുടെ വിവരം ഫോട്ടോ ഉൾപ്പെടെ പതിച്ച് അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി അതത് സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നുണ്ട്. വ്യക്തമായ രേഖകളോട് കൂടി തന്നെയാണ് സ്ഥാപനങ്ങളിൽ ആൾക്കാരെ പാർപ്പിച്ചിരിക്കുന്നത് . പ്രസ്തുത രജിസ്റ്ററുകൾ കാലാകാലങ്ങളിൽ ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർമാർ, സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിശോധിക്കാറുണ്ട്. സ്ഥാപനത്തിന് പലവിധത്തിൽ ലഭിക്കുന്ന വരുമാനവും സർക്കാർ ഗ്രാന്റും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസറും സംസ്ഥാന ഓഡിറ്റ് വകുപ്പും പരിശോധിക്കാറുണ്ട്.

*(സമിതിയുടെ 12.04.2023-ലെ യോഗത്തിൽ അംഗീകരിച്ചു)*

**ഖണ്ഡിക-6**

60 വയസ്സിനു മുകളിൽ പ്രായവും അർഹതയുമുള്ള ജില്ലയിലെ എല്ലാ വയോജനങ്ങൾക്കും വാർദ്ധക്യകാല പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിനായി ആശാവർക്കർമാർ, ഗ്രാമസേവകർ തുടങ്ങിയവരുടെ സേവനം വിനിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഏതെങ്കിലും കാരണവശാൽ ആരുടെയെങ്കിലും പെൻഷൻ അപേക്ഷ നിരസിക്കുകയാണെങ്കിൽ നിരസിച്ചതിനുള്ള കാരണം അപേക്ഷകനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

*(തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പിന്റെ 01.12.2018-ലെ 461/ഡിസി3/2018 ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

60 വയസ്സിന് മുകളിൽ പ്രായവും അർഹതയുമുള്ള ജില്ലയിലെ എല്ലാ വയോജനങ്ങൾക്കും വാർദ്ധക്യകാല പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ഏതെങ്കിലും കാരണവശാൽ ആരുടെയെങ്കിലും പെൻഷൻ അപേക്ഷ നിരസിക്കുകയാണെങ്കിൽ നിരസിച്ചതിനുള്ള കാരണം അപേക്ഷകനെ അറിയിക്കുന്നുണ്ട്.

*(സമിതിയുടെ 27.12.2019-ലെ യോഗത്തിൽ അംഗീകരിച്ചു)*

**ഖണ്ഡിക-7**

മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്റ്റ് (2007) പ്രകാരം, ജില്ലയിൽ രണ്ട് മെയിന്റനൻസ് ട്രിബ്യൂണലുകളും ജില്ലാ ആസ്ഥാനങ്ങളിൽ അപ്പലേറ്റ് ട്രിബ്യൂണലുകളും പ്രവർത്തിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇത്തരം ട്രിബ്യൂണലുകളെക്കുറിച്ച്

വളരെക്കുറച്ച് പൗരൻമാർക്കേ അറിവുള്ളൂ . അതിനാൽ ഇവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വ്യാപകമായ പരസ്യം നൽകി സമൂഹത്തിന്റെ താഴെതട്ടിൽവരെ എത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>**

*(സാമൂഹ്യനീതി (സി) വകുപ്പിന്റെ 04.08.2025-ലെ സാനീവ/സി2/80/2022/സാനീവ- നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ ആക്റ്റ് (2007) പ്രകാരമുള്ള ജില്ലാ മെയിന്റനൻസ് ട്രിബ്യൂണലുകളുടെയും അപ്പലേറ്റ് ട്രിബ്യൂണലുകളുടെയും വിവരം ലഭ്യമാക്കുന്നതിനും ആയതുപ്രകാരം എപ്രകാരം പരാതി സമർപ്പിക്കാം എന്നത് സംബന്ധിച്ചും ടെക്നിക്കൽ അസിസ്റ്റന്റുമാർ മുഖാന്തരം വയോജനങ്ങൾക്ക് ബോധവത്കരണ പരിപാടികളും വകുപ്പുതല പരിപാടികളും നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ ഈ ആക്റ്റ് പ്രകാരം RDO ക്ക് സമർപ്പിക്കുന്ന പരാതികളിലുള്ള നടപടികൾ മോണിറ്റർ ചെയ്യുന്നതിനും , എല്ലാ വയോജനങ്ങൾക്കും നേരിട്ടുചെന്ന് പരാതി സമർപ്പിക്കുവാൻ കഴിയാത്തതിനാൽ ടി ആക്റ്റ് മുഖേനയുള്ള പരാതികൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിനും ടി പരാതികളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ MWPSc Act-2007 കേസ് ട്രാക്കിംഗ് സോഫ്റ്റ് വെയർ രൂപകല്പന ചെയ്തിട്ടുണ്ട്. കൂടാതെ, MWPSc Act-2007 സംബന്ധിച്ച് അംഗൻവാടി പ്രവർത്തകർ, മറ്റു വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്കും അവബോധം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

*(സമിതിയുടെ 05.08.2025-ലെ യോഗത്തിൽ അംഗീകരിച്ചു)*

## ഖണ്ഡിക-8

മറ്റ് നീതിന്യായ സംവിധാനങ്ങളിൽ നിന്നും വ്യത്യസ്തമായി മെയിന്റനൻസ് ട്രിബ്യൂണലുകളിൽ നീതി തേടി എത്തുന്നത് വയോജനങ്ങളായതിനാൽ പരാതിക്ക് എത്രയും പെട്ടെന്ന് പരിഹാരമുണ്ടാകേണ്ടതും നീതിന്യായ സംവിധാനത്തിന്റെ സംരക്ഷണം ഇവർക്ക് ലഭിക്കേണ്ടതുമാണ്. വൈകി ലഭിക്കുന്ന നീതി, നീതി നിഷേധത്തിനു തുല്യമാണെന്ന വസ്തുത കണക്കിലെടുത്ത് മെയിന്റനൻസ് കേസുകൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും പരാതികളിന്മേൽ വളരെവേഗം തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥതലത്തിൽ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ പരാതിക്കാർക്ക് നിയമസഹായം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി

*(റവന്യൂ (ജി) വകുപ്പിന്റെ 13.05.2019-ലെ REV-G2/306/2018-REV നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം -2007 പ്രകാരമുള്ള കേസുകൾ 90 ദിവസത്തിനകം തീർപ്പ കൽപ്പിച്ചു വരുന്നതാണ്. എന്നാൽ അപൂർവ്വം ചില കേസുകളിൽ എതിർ കക്ഷികളുടെ മേൽവിലാസം ലഭ്യമാക്കാത്ത സാഹചര്യങ്ങളിലും വിദേശത്തുള്ള കക്ഷികളെ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാതെ വരുന്നതിനാലും ചില പരാതികൾക്ക് തീർപ്പ് നൽകുവാൻ സാധിക്കാതെ വരാറുള്ളതാണ്. കൂടാതെ മെയിന്റനൻസ് ആക്റ്റ് സ്വത്തുതർക്കത്തിനുള്ള ഒരുപകരണമായി കണ്ട് മുതിർന്ന പൗരന്മാരെ ഉപയോഗിച്ച് കേസുകൾ നൽകുന്ന പ്രവണതകളും വർദ്ധിച്ചുവരുന്നുണ്ട്. ടി സാഹചര്യത്തിലും മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ സാധിക്കാതെ വരാറുണ്ട്.

ആവശ്യമെങ്കിൽ പരാതിക്കാർക്ക് നിയമസേവനം നൽകുന്നതിന് ലീഗൽ സർവ്വീസ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് നിയമസഹായം ലഭ്യമാക്കാറുണ്ട്.

സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ തിരുവല്ല, ഫോർട്ട് കൊച്ചി, കാസർഗോഡ് തുടങ്ങിയ മെയിന്റനൻസ് ട്രിബ്യൂണലുകളിൽ നിയമസഹായ ക്ലിനിക്കുകൾ പ്രവർത്തനം തുടങ്ങേണ്ടതുണ്ട്.

**തുടർശിപാർശ**

പ്രസ്തുത റിപ്പോർട്ട് 27.12.2019-ലെ യോഗത്തിൽ പരിഗണിച്ച സമിതി , തിരുവല്ല, ഫോർട്ട് കൊച്ചി, കാസർഗോഡ് എന്നിവിടങ്ങളിലെ മെയിന്റനൻസ് ട്രിബ്യൂണലുകളിൽ നിയമസഹായ ക്ലിനിക്കുകൾ ആരംഭിക്കണമെന്ന് ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ 2025-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടിൽ ഉൾപ്പെടുത്തി തുടർ നടപടി സ്വീകരിച്ച് വരുന്നു.

**ഖണ്ഡിക-9**

ചില സ്ഥലങ്ങളിലെങ്കിലും ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നത് ബഹുനില കെട്ടിടങ്ങളുടെ മുകൾനിലയിലാണെന്ന് സമിതി മനസ്സിലാക്കുന്നു . ചില മുതിർന്ന പൗരന്മാർക്ക് മുകൾനിലകളിൽ പ്രവർത്തിക്കുന്ന ട്രിബ്യൂണലുകളിൽ എത്തിച്ചേരാൻ ശാരീരിക ബുദ്ധിമുട്ടുകൾ കാരണം സാധിക്കില്ല. ആയതിനാൽ ജില്ലയിലെ മെയിന്റനൻസ് ട്രിബ്യൂണലുകൾ അവ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ താഴത്തെ നിലകളിലേക്ക് മാറ്റിസ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മാത്രമല്ല, ഇവിടെ എത്തുന്ന മുതിർന്ന പൗരന്മാർക്ക് ഇരിക്കുവാനുള്ള സൗകര്യം ഒരുക്കണമെന്നും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി**

*(റവന്യൂ (ജി) വകുപ്പിന്റെ 13.05.2019-ലെ REV-G2/306/2018-REV നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)*

സംസ്ഥാനത്തെ ഭൂരിഭാഗം മെയിന്റനൻസ് ട്രിബ്യൂണലുകളും താഴത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ കൊല്ലം, പാല, തൃശ്ശൂർ, ഇരിങ്ങാലക്കുട, പുനലൂർ തുടങ്ങിയ ആർ.ഡി.ഒ. ഓഫീസുകളിലെ മെയിന്റനൻസ് ട്രൈബ്യൂണൽ സ്ഥലദൗർലഭ്യം നിമിത്തം ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസുകളിൽ മുതിർന്ന പൗരന്മാർക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. കോട്ടയം മെയിന്റനൻസ് ട്രിബ്യൂണൽ ഒന്നാം നിലയിലാണെങ്കിലും ലിഫ്റ്റ് സൗകര്യം ഉള്ളതുകൊണ്ട് പ്രായമായവർക്ക് എത്തിച്ചേരുന്നതിന് തടസ്സമില്ല എന്നു കാണുന്നു . പെരിന്തൽമണ്ണ, തിരൂർ, കാസർഗോഡ്, കാഞ്ഞങ്ങാട് തുടങ്ങിയ മെയിന്റനൻസ് ട്രൈബ്യൂണലുകൾ ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നതെങ്കിലും ശാരീരിക ബുദ്ധിമുട്ടുള്ള മുതിർന്ന പൗരന്മാരെ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ വച്ച് പരിഗണിക്കുകയും മൊഴി രേഖപ്പെടുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട ട്രൈബ്യൂണലുകളിൽ എത്തിച്ചേരുന്ന മുതിർന്ന പൗരന്മാർക്ക് ഇരിക്കുന്നതിനുള്ള സൗകര്യവും ശുദ്ധമായ കുടിവെള്ളവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, കൊല്ലം ട്രൈബ്യൂണൽ മുമ്പാകെ പരാതി നൽകുവാൻ എത്തുന്ന മുതിർന്ന പൗരന്മാർക്ക് കുടിവെള്ളം നൽകുന്നതിനോ വിശ്രമിക്കുന്നതിനോ ഉള്ള സൗകര്യം ഇല്ലാത്തതാണ്.

## തുടർ ശിപാർശ

27.12.2019-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി , കൊല്ലം ട്രിബ്യൂണൽ മുമ്പാകെ പരാതി നല്കുവാൻ എത്തുന്ന മുതിർന്ന പൗരന്മാർക്ക് വിശ്രമിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം താഴത്തെ നിലയിൽ ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

## റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി

*(റവന്യൂ (ജി) വകുപ്പിന്റെ 21.04.2022 തീയതിയിലെ REV-G2/306/2018-REV നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)*

കൊല്ലം ട്രിബ്യൂണൽ മുമ്പാകെ പരാതി നൽകുവാൻ എത്തുന്ന മുതിർന്ന പൗരന്മാർക്ക് വിശ്രമിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന സമിതി ശിപാർശയിന്മേൽ കൊല്ലം ജില്ലാ കളക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊല്ലം മെയിന്റനൻസ് ട്രിബ്യൂണലിന്റെ താഴത്തെ നിലയിൽ കോടതികൾ പ്രവർത്തിക്കുന്നതിനാൽ, മുറി സൗകര്യം നിലവിൽ ലഭ്യമല്ലാത്തതാണ്,. എന്നാൽ മെയിന്റനൻസ് ട്രിബ്യൂണൽ പ്രവർത്തിക്കുന്ന ഒന്നാം നിലയിലെ കളക്ടറേറ്റ് വിസിറ്റേഴ്സ് ഹാളിൽ പൊതുജന സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ഇരിപ്പിടങ്ങളും, കുടിവെള്ളം, ഫാൻ തുടങ്ങിയ സൗകര്യങ്ങളും മുതിർന്ന പൗരന്മാർക്കായി ഒരുക്കിയിട്ടുണ്ട്. കൂടാതെ പരാതിയായിട്ടും ഹിയറിംഗിനായിട്ടും വരുന്ന മുതിർന്ന പൗരന്മാർക്ക്, അവരുടെ അവശത കണക്കിലെടുത്ത് താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസിൽ തുടർ നടപടികൾക്കായി സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മെയിന്റനൻസ് ട്രിബ്യൂണലിൽ എത്തുന്ന തീരെ അവശരായ മുതിർന്ന പൗരന്മാർക്ക് മുകളിലത്തെ നിലയിൽ പോകുന്നതിലേക്കായി ലിഫ്റ്റ്, വീൽചെയർ എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

കൊല്ലം ട്രിബ്യൂണൽ മുമ്പാകെ പരാതി നൽകുവാൻ എത്തുന്ന മുതിർന്ന പൗരന്മാർക്ക് ആ കാര്യാലയത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കോടതി ഹാളിൽ ഇരിക്കുന്നതിനും വിശ്രമിക്കുന്നതിനും ആവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായും, കൂടാതെ ടിയാളുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് ഒരു വാട്ടർ പ്യൂരിഫയർ ടി കാര്യാലയത്തിൽ സ്ഥാപിച്ചിട്ടുള്ളതായും ടി സ്ഥാപനത്തിൽ

എത്തുന്ന മുതിർന്ന പൗരന്മാർക്ക് ആയത് പര്യാപ്തവുമാണെന്നും കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

മെയിന്റനൻസ് ട്രിബ്യൂണൽ മുമ്പാകെ പരാതി നൽകാനെത്തുന്ന മുതിർന്ന പൗരന്മാർക്ക് വിശ്രമിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം സാമൂഹ്യനീതി വകുപ്പ് കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസിലാണ് സജ്ജീകരിച്ചിട്ടുള്ളതെന്നും, ഇതിലേക്കായി ഫർണിച്ചർ വാങ്ങുന്നതിനായി 2018-ൽ 70,000/- രൂപ നൽകിയിരുന്നതായും റിഫ്രഷ്മെന്റ് ചെലവുകൾക്കായി ഓരോ വർഷവും 10,000/- രൂപ വീതം അനുവദിക്കുന്നുണ്ടെന്നും കൂടാതെ മെയിന്റനൻസ് ട്രിബ്യൂണൽ മുമ്പാകെ എത്തുന്ന വയോജനങ്ങളെ സഹായിക്കുന്നതിനായി ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുള്ളതായും ജില്ലാ സാമൂഹ്യനീതി ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസ് താല്ക്കാലികമായി പൊതുമരാമത്ത് വകുപ്പ് കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ട്രിബ്യൂണൽ മുമ്പാകെ പരാതി നൽകാനെത്തുന്ന മുതിർന്ന പൗരന്മാർക്ക് വിശ്രമിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം താഴത്തെ നിലയിൽ ഏർപ്പെടുത്തുന്നതിന് പൊതുമരാമത്ത് വക സ്ഥലത്ത് നിന്നും ടി ആവശ്യത്തിലേക്ക് സ്ഥലം കണ്ടെത്തി അടിയന്തിരമായി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ അറിയിച്ചിട്ടുള്ള വിവരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സമിതിയുടെ 12.04.2023-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ഖണ്ഡിക -10</u>**

പഞ്ചായത്തുകളിൽ പദ്ധതി വിഹിതമായി കിട്ടുന്ന തുകയിൽ 5% നിലവിൽ ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. എന്നാൽ ഓരോ വിഭാഗത്തിനും എത്ര ശതമാനം

വീതമെന്ന് നിഷ്കർഷിക്കാത്തതിനാൽ ചില വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വയോജനങ്ങളുടെ ക്ഷേമത്തിനായി നടപടികൾ സ്വീകരിക്കാത്ത സന്ദർഭങ്ങളുമുണ്ട്. ആയതിനാൽ കുറഞ്ഞത് 1 1/2 ശതമാനമെങ്കിലും ഓരോ വർഷവും വയോജനങ്ങൾക്കായി പദ്ധതി വിഹിതത്തിൽ നിന്നും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ചെലവഴിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

*(തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിന്റെ 28.07.2016-ലെ 51939/ഡി.എ 3/2014-തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായും 5% തുക ഭിന്നശേഷിക്കാർക്കും കുട്ടികൾക്കുമായും വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ട് 30.06.2016 -ലെ സ.ഉ(സാധാ)നം. 2037/2016/തസ്വഭവ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സമിതി ആരാഞ്ഞ അധികവിവരം**

പ്രസ്തുത മറുപടി സമിതിയുടെ 24.01.2017 -ലെ യോഗത്തിൽ പരിഗണിക്കുകയും നിലവിലുള്ള വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വൃദ്ധസദനങ്ങളില്ലാത്ത ജില്ലകളിൽ അവ നിർമ്മിക്കണമെന്നും, മുതിർന്ന പൗരന്മാരുടെ ചികിത്സയ്ക്കും ആരോഗ്യപരിപാലനത്തിനുമായി അനുവദിക്കുന്ന ഫണ്ട് ലാപ്സാകാതെ പൂർണ്ണമായും വിനിയോഗിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും സമിതി നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ 30.06.2016 -ലെ സ.ഉ. (സാധാ) നമ്പർ 2037/2016/ ത.സ്വ.ഭ.വ ഉത്തരവനുസരിച്ച് സംസ്ഥാനത്തെ പഞ്ചായത്തുകൾ പദ്ധതി വിഹിതത്തിന്റെ 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ടോയെന്നും, നടപ്പ് സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട്

സമിതി നിർദേശിക്കുകയും പ്രസ്തുത വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

*(തദ്ദേശസ്വയംഭരണം (ഡി.എ) വകുപ്പിന്റെ 26.04.2023-ലെ ഡി .എ 3/282/2018-തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

നിലവിലുള്ള വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും വൃദ്ധസദനങ്ങളില്ലാത്ത ജില്ലകളിൽ കഴിയാവുന്നത്ര അവ നിർമ്മിക്കുന്നതിനും മുതിർന്ന പൗരൻമാരുടെ ചികിത്സയ്ക്കും ആരോഗ്യ പരിപാലനത്തിനുമായി അനുവദിയ്ക്കുന്ന ഫണ്ട് ലാപ്സാകാതെ പൂർണ്ണമായും വിനിയോഗിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനും എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2016-17 വർഷം പദ്ധതി വിഹിതത്തിന്റെ 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായി ചെലഴിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ **(അനുബന്ധം I)** ആയി ചേർത്തിരിക്കുന്നു.

**(സമിതിയുടെ 29.11.2023 -ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും വയോജന സൗഹൃദ പദ്ധതികൾക്കുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിഷയത്തിന്മേൽ 05.08.2025-ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുകയും റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.)**

**ഖണ്ഡിക-12**

**ആയുർവേദ മേഖല വൃദ്ധരുടെ ആരോഗ്യപരിപാലനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും ചികിത്സയും ഔഷധവും ആവശ്യാനുസരണം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ജില്ലയിലെ**

ഗ്രാമപ്രദേശങ്ങളിൽ നിലവിലുള്ള സർക്കാർ ആയുർവേദ ആശുപത്രികളിൽ മുതിർന്ന പൗരന്മാരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

*(ആരോഗ്യകുടുംബക്ഷേമ (ഡി) വകുപ്പിന്റെ 02.05.2015-ലെ 58593/ഡി1/2014/ ആ.കു.വ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണത്തിനും പരിചരണത്തിനും ഭാരതീയ ചികിത്സാ വകുപ്പ് മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. ഇതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഇടുക്കി ജില്ലാ ആയുർവേദ ആശുപത്രിയിൽ "സ്നേഹധാര" എന്ന പേരിൽ ഒരു ആയുർവേദ സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിന് എൻ.ആർ.എച്ച്.എം./ആയുഷ് ഫണ്ടുകൾ ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള എല്ലാ ആശുപത്രികളിലും/ഡിസ്പെൻസറികളിലും മുതിർന്ന പൗരന്മാർക്കായി പ്രത്യേക ഒ.പി. നടത്തിവരുന്നുണ്ട്. പ്രസ്തുത ഒ.പി. കളിൽ മരുന്നിന്റെ ലഭ്യത ഉറപ്പാക്കുന്നുണ്ട്. കൂടാതെ എല്ലാ ആശുപത്രികളിലും മുതിർന്ന പൗരന്മാരുടെ കിടത്തിചികിത്സയ്ക്കായി കിടക്കകളുടെ ലഭ്യത പ്രത്യേകമായി ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ വൃദ്ധ സദനങ്ങളിലുള്ള അശരണരായ അന്തേവാസികളുടെ ആരോഗ്യ പരിചരണത്തിനും പരിചരണത്തിന് നിയോഗിക്കപ്പെടുന്ന കെയർടേക്കേഴ്സിന്റെ പരിപാലനത്തിനുമായി സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ആയുർസേവന, വയോ അമൃതം, വയോ സുകൃതം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

*(സമിതിയുടെ 03.06.2015-ലെ യോഗത്തിൽ അംഗീകരിച്ചു)*

<u>**ആയുഷ് വകുപ്പ് സ്വീകരിച്ച നടപടി**</u>

*(ആയുഷ് (എ) വകുപ്പിന്റെ 11.05.2018-ലെ എ 1/345/2017/ആയുഷ് നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

ഭാരതീയ ചികിത്സാ വകുപ്പുമായി ബന്ധപ്പെട്ട് 01.06.2017 ലെ സ.ഉ. (സാധാ) നം.245/2017/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം 14 ജില്ലകളിലേയും ജില്ലാ ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് വൃദ്ധജന പരിപാലന യൂണിറ്റുകൾ നടപ്പിലാക്കി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വൃദ്ധസദനങ്ങളിലെ രോഗാതുരരായ അന്തേവാസികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനായും അവരുടെ മാനസിക ശാരീരിക സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി ഭാരതീയ ചികിത്സാ വകുപ്പ് മുഖേന കാസർഗോഡ് ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലേയും വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്നതിനായി "വയോ അമൃതം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

അശരണരും നിരാലംബരും രോഗാതുരരുമായ വൃദ്ധജനങ്ങൾക്ക് അവരുടെ വീടുകളിൽ ചെന്ന് ആയുർവേദ ചികിത്സയിലൂടെ സാന്ത്വന പരിചരണം നൽകുന്ന ചികിത്സാ പദ്ധതിയായ " സ്നേഹധാര പദ്ധതി" ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

*(സമിതിയുടെ 25.07.2018-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)*

<u>**സമിതി ആരാഞ്ഞ അധികവിവരം**</u>

മുതിർന്ന പൗരന്മാർക്ക് ആയുർവേദ ചികിത്സ നൽകുന്ന "വയോ അമൃതം", 'സ്നേഹധാര' പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**ആയുഷ് വകുപ്പ് ലഭ്യമാക്കിയ നടപടി**

*(ആയുഷ് (എ) വകുപ്പിന്റെ 25.01.2025-ലെ എ 1/345/2017-ആയുഷ് നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

"വയോ അമൃതം", 'സ്നേഹധാര' പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശം **(അനുബന്ധം II)** ആയി ചേർത്തിരിക്കുന്നു.

*(സമിതിയുടെ 03.07.2025-ലെ യോഗത്തിൽ അംഗീകരിച്ചു)*

**ഖണ്ഡിക-13**

എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

*(ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പിന്റെ 09.11.2015-ലെ 58685/എ 3/2014/ആകുവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)*

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വയോജന ആരോഗ്യ പദ്ധതിയിലൂടെയും, കേന്ദ്രാവിഷ്കൃത വയോജന ആരോഗ്യ പദ്ധതിയായ എൻ.പി.എച്ച്.സി. യിലൂടെയും സംസ്ഥാനത്തെ ജില്ലാ /ജനറൽ ആശുപത്രികളിൽ ജറിയാട്രിക് വാർഡുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് . 2012 മുതൽ 2014 വരെയുള്ള വാർഷിക പദ്ധതിയിലുൾപ്പെടുത്തി വയോജന സൗഹൃദ ശൗചാലയങ്ങൾ താലൂക്ക് ആശുപത്രികളിൽ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലസൗകര്യം പരിമിതമായുള്ള ആശുപത്രികളിൽ വയോജനങ്ങൾക്കായി കിടക്കകൾ പ്രത്യേകം മാറ്റണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. NPHCE നിലവിലുള്ള ജില്ലാ ആശുപത്രികളിൽ ജറിയാട്രിക് വാർഡുകളിൽ പ്രത്യേകം ഡോക്ടർമാരെയും സ്റ്റാഫ് നഴ്സുമാരെയും ഫിസിയോതെറാപ്പിസ്റ്റുകളേയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

*(സമിതിയുടെ 08.09.2016-ലെ യോഗത്തിൽ പരിഗണിക്കുകയും തുടർ ശിപാർശ നല്കുകയും ചെയ്തു.)*

## തുടർശിപാർശ

വയോജനങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ നിന്ന് മതിയായ സേവനങ്ങൾ ലഭിക്കാത്തതിനാൽ അവർ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നുവെന്നും അത് അവർക്ക് വളരെ സാമ്പത്തികനഷ്ടം ഉണ്ടാക്കുമെന്നും അഭിപ്രായപ്പെട്ട സമിതി മുതിർന്ന പൗരന്മാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നും, അവർക്കായി താലൂക്ക്, ജില്ലാ ആശുപത്രികളിൽ എക്സ്റേ ലാബ് ടെസ്റ്റിംഗ് തുടങ്ങിയവയ്ക്കായി കൂടുതൽ സൗകര്യങ്ങൾ നിർബന്ധമായും നൽകണമെന്നും സൗജന്യ ആംബുലൻസ് സേവനം ഏർപ്പെടുത്തണമെന്നും മുതിർന്ന പൗരന്മാർക്ക് നൽകിവരുന്ന സേവനങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികൃതർ ഉറപ്പു വരുത്തണമെന്നും നിർദ്ദേശിക്കുന്നു. കൂടാതെ മുതിർന്ന പൗരന്മാർക്കുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച് ബോധവത്കരണത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ആശുപത്രികളിൽ ചികിത്സാസൗകര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കണമെന്നും മുതിർന്ന പൗരന്മാർക്ക് ആശുപത്രികളിൽ പ്രത്യേക ബ്ലോക്കുകൾ ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പ്രസ്തുത ശിപാർശ സമിതിയുടെ 2025 വർഷത്തെ ജനറൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

## ഖണ്ഡിക– 14

പൊതുജനാരോഗ്യസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള 108 ആംബുലൻസ് സർവ്വീസ് മാതൃകയിൽ, ശയ്യാവലംബരായ മുതിർന്ന പൗരൻമാരെ ശുശ്രൂഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി, താലൂക്കടിസ്ഥാനത്തിൽ ലഭ്യമാകത്തക്ക വിധത്തിൽ ജില്ലയിൽ ആംബുലൻസ് സേവനം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

*(ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിന്റെ 15.02.2018-ലെ HEALTH- M2/565/2017-HEALTH നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

താലൂക്ക്, ജില്ലാ ആശുപത്രികളിലെ സെക്കന്ററി പാലിയേറ്റീവ് കെയർ സംവിധാനത്തിന്റെ അവിഭാജ്യ ഘടകമാണ് ഭവന സന്ദർശനത്തിലൂടെയുള്ള സാന്ത്വന പരിചരണം. ഈ സെക്കന്ററി സാന്ത്വന യൂണിറ്റിനുള്ള വാഹന സൗകര്യം ഒരുക്കുന്നതിനായി എല്ലാ വർഷവും ആരോഗ്യ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ട്. മിക്ക ആശുപത്രികളിലും എച്ച്. എം. സി യുടെ നേതൃത്വത്തിലുള്ള സ്വന്തം വാഹനവും ലഭ്യമാണ്. കൂടാതെ ശയ്യാവലംബരായ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള 'വയോമിത്രം' പദ്ധതിയുടെ വാഹന സൗകര്യവും പ്രയോജനപ്പെടുത്താറുണ്ട്.

*(സമിതിയുടെ 25.07.2018-ലെ യോഗത്തിൽ അംഗീകരിച്ചു.)*

*(ആരോഗ്യകുടുബക്ഷേമ (ബി) വകുപ്പ് 24.06.2020-ലെ ബി3/287/2018-ആരോഗ്യം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി.)*

മുതിർന്ന പൗരന്മാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ആളുകളെയും അടിയന്തിര ഘട്ടങ്ങളിൽ ആശുപത്രിയിൽ എത്തിക്കുന്നതിനായി 'കനിവ് 108' എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ സൗജന്യ ആംബുലൻസ് സംവിധാനം കേരളത്തിലെ എല്ലാ ജില്ലകളിലും നിലവിലുണ്ട്. 108 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെട്ട് ഈ സേവനം ആവശ്യപ്പെടാവുന്നതാണ്.

*(സമിതിയുടെ 09.02.2021-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക-15**

ജില്ലയിലെ മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനായി 10 പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നതായും

വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങളുടെ ക്ഷേമം അന്വേഷിക്കുന്നതിനും ഉറപ്പാക്കുന്നതിനും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്കുകൾ കൂടുതൽ വ്യാപകമാക്കണമെന്നും മുതിർന്ന പൗരൻമാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് ആർ.ഡി.ഒ.മാരുടെ നിയന്ത്രണത്തിൽ താലൂക്ക് അടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>**ആഭ്യന്തരവകുപ്പ് സ്വീകരിച്ച നടപടി**</u>

*(ആഭ്യന്തര(ജി) വകുപ്പിന്റെ 26.09.2015-ലെ 46450/ജി3/2015/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

*(സമിതിയുടെ 08.09.2016-ലെ യോഗത്തിൽ അംഗീകരിച്ചു.)*

<u>**റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി**</u>

*(റവന്യൂ(സി) വകുപ്പിന്റെ 06.04.2016-ലെ 12067/സി2/2015/റവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

എറണാകുളം ജില്ലാ കളക്ടറുടെ അധികാരപരിധിയിൽ വരുന്ന താലൂക്കുകളിലെ മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി ഫോർട്ട് കൊച്ചി സബ് ഡിവിഷന്റെ കീഴിൽ വരുന്ന കൊച്ചി , കണയന്നൂർ, പറവൂർ, ആലുവ തഹസിൽദാർമാരെയും, മൂവാറ്റുപുഴ സബ്ഡിവിഷന്റെ കീഴിൽ വരുന്ന മൂവാറ്റുപുഴ , കുന്നത്തുനാട്, കോതമംഗലം തഹസിൽദാർമാരെയും അതത് താലൂക്കുകളിലെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നോഡൽ ഓഫീസർമാർ അതത് താലൂക്കുകളിലെ വൃദ്ധജനങ്ങളുടെ, പ്രത്യേകിച്ച് ഒറ്റയ്ക്ക് താമസിക്കുന്നവരുടെ

ക്ഷേമം അന്വേഷിക്കുന്നതും ആയത് ഉറപ്പാക്കുന്നതുമാണ്. ഈ ആവശ്യത്തിലേയ്ക്കായി തഹസിൽദാർമാർ വില്ലേജ് ഓഫീസർമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടർമാർ, ആരോഗ്യവകുപ്പ് ഫീൽഡ് ജീവനക്കാർ, ആശ വർക്കർമാർ, അംഗനവാടി വർക്കർമാർ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ മുതിർന്ന പൗരൻമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരത്തോടെ 117 വൃദ്ധസദനങ്ങളും, കൂടാതെ സർക്കാർ തലത്തിലുള്ള ഒരു വൃദ്ധസദനവും പ്രവ ത്തിക്കുന്നതായും ഇവിടെ മുതിർന്ന പൗരൻമാർക്കായി പ്രത്യേക ശുശ്രൂഷയും സംരക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനു പുറമേ , ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുന്നുണ്ടെന്നും നിയമസഹായം ആവശ്യമെങ്കിൽ കെൽ സയുടെ ആഭിമുഖ്യത്തിലുള്ള നിയമസഹായ ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട് എന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*(സമിതിയുടെ 08.09.2016-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)*

**സമിതി ആരാഞ്ഞ അധികവിവരം**

എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുള്ള പ്രകാരം നിയമസഹായ ക്ലിനിക്കിന്റെ പ്രവർത്തനം മറ്റ് ജില്ലകളിലും ആരംഭിച്ച് അവയുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**റവന്യൂ വകുപ്പ് ലഭ്യമാക്കിയ അധികവിവരം**

*(റവന്യൂ (സി) വകുപ്പിന്റെ 24.11.2021-ലെ റവ -സി2/205/2018-റവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി).*

സമിതിയുടെ ശിപാർശയും ആരാഞ്ഞ അധിക വിവരവും സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി റിപ്പോർട്ട് **(അനുബന്ധം III)** ആയി ചേർത്തിരിക്കുന്നു.

(സമിതിയുടെ 12.04.2023-ൽ ചേർന്ന യോഗം റിപ്പോർട്ട് അംഗീകരിക്കുകയും തുടർശിപാർശ നല്കുകയും ചെയ്തു.)

## തുടർ ശിപാർശ

കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽകൂടി നിയമസഹായ ക്ലിനിക്ക് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## റവന്യൂ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

*(റവന്യൂ (സി) വകുപ്പിന്റെ 22.01.2026-ലെ സി2/1/2025-ലെ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

1. കോഴിക്കോട് ജില്ല

റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നിയന്ത്രണത്തിൽ താലൂക്ക് തഹസിൽദാർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചുകൊണ്ട് മുതിർന്ന പൗരന്മാർക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിനായി നിയമസഹായ ക്ലിനിക് രൂപീകരിക്കുകയും മുതിർന്ന പൗരന്മാർക്ക് ഫോൺ മുഖേനയോ അല്ലാതെയോ അഭിഭാഷകരുമായി ബന്ധപ്പെടാനുള്ള സൗകര്യം ഒരുക്കുകയും മുതിർന്ന പൗരന്മാർക്ക് സഹായം ലഭ്യമാക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർമാരെയും തഹസിൽദാർമാരെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന വിവരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

2. വയനാട് ജില്ല

മാനന്തവാടി മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന നിയമ സേവന ക്ലിനിക്കിനെ മുതിർന്ന പൗരന്മാർക്കുള്ള നിയമ സേവന ക്ലിനിക്ക് ആയി വിജ്ഞാപനം ചെയ്തിട്ടുള്ള വിവരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

3. കണ്ണൂർ ജില്ല

ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ സഹായത്തോടെ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ സൗജന്യ നിയമസഹായ ക്ലിനിക് രൂപീകരിച്ചിട്ടുള്ള വിവരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. കാസർഗോഡ് ജില്ല

മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിയമ സഹായ ക്ലിനിക്കുകൾ ആരംഭിച്ച് മുതിർന്ന പൗരന്മാർക്ക് നിയമ സഹായം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

*(4.02.2026-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)*

ഖണ്ഡിക-16

പരാതിയുമായി വിവിധ പോലീസ് സ്റ്റേഷനുകളിലെത്തുന്ന മുതിർന്ന പൗരന്മാരെ പോലീസ് ഉദ്യോഗസ്ഥർ അവഗണിക്കുന്നതും പലപ്പോഴും അപമാനിച്ച് ഇറക്കിവിടുന്നതും നിത്യസംഭവമായി മാറിയിരിക്കുകയാണ്. എതിർകക്ഷികൾ പോലീസിൽ സ്വാധീനം ചെലുത്തുന്നതുമൂലം ഈ ജനവിഭാഗത്തിന് സാമാന്യനീതി പോലും നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. ഇത്തരം നടപടികൾ ഒഴിവാക്കണമെന്നും മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന നൽകി അവർ നൽകുന്ന പരാതികളിന്മേൽ അന്വേഷണം നടത്തണമെന്നും നീതി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി

*(ആഭ്യന്തര(ജി) വകുപ്പിന്റെ 26.09.2015-ലെ 46450/ജി3/2015-ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)*

മുതിർന്ന പൗരന്മാർ നൽകുന്ന പരാതികൾ വളരെ പ്രാധാന്യത്തോടുകൂടി കണ്ട് അതിൽ യാതൊരു ബാഹ്യ ഇടപെടലുകളെയും അനുവദിക്കാതെ വളരെ സത്യസന്ധമായി അന്വേഷണം നടത്തി നീതി ഉറപ്പാക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

*(സമിതിയുടെ 08.09.2016-ലെ യോഗത്തിൽ പരിഗണിക്കുകയും ശിപാർശ നല്കുകയും ചെയ്തു.)*

**തുടർ ശിപാർശ**

മുതിർന്ന പൗരന്മാരുടെ പരാതികൾക്കൊപ്പം അവർക്കെതിരെയുണ്ടാകുന്ന കേസ്സുകളിലും മുതിർന്ന പൗരന്മാർക്ക് മതിയായ പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

*(പ്രസ്തുത ശിപാർശ സമിതിയുടെ 2025 വർഷത്തെ ജനറൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിച്ചു വരുന്നു.)*

**അദ്ധ്യായം-2**

***സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും സമിതിയുടെ തുടർശിപാർശകളും***

**ഖണ്ഡിക-11**

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക്, വടവുകോട് ബ്ലോക്ക്, എടവനക്കാട് പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പകൽവീടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പദ്ധതി തുക ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ തടസ്സമുണ്ടെന്നും നിരീക്ഷിച്ച സമിതി, നിർമ്മാണം പൂർത്തിയായ പകൽവീടുകൾ അടിയന്തിരമായി തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങളിലും പകൽവീടുകൾ സ്ഥാപിക്കണമെന്നും ഇവ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു. പകൽവീടുകളുടെ പ്രവർത്തനത്തിന് തുക ലഭ്യമാക്കുന്നതിന് വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

*(തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പിന്റെ 11.04.2025-ലെ 241/ഇപിഎ 4/2019 എൽ എസ് ജി ഡി നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

i. നിർമ്മാണം പൂർത്തിയായ പകൽ വീട്ടുകൾ അടിയന്തിരമായി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകളിലും പകൽ വീട്ടുകൾ സ്ഥാപിക്കണമെന്നും ഇവ മെച്ചപ്പെട്ടരീതിയിൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ii. നിലവിലെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ സാധാരണ വിഹിതം , എസ്.സി.പി., റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനുമായിട്ടാണ് വകയിരുത്തുന്നത്. ഇത്തരത്തിൽ തുക വകയിരുത്തുമ്പോൾ പലപ്പോഴും ഏറിയ പങ്കും ഏറെ അനിവാര്യമായ പദ്ധതിയായ പാലിയേറ്റിവ് കെയറിനായി മാറ്റിവയ്ക്കേണ്ടതായി വരുന്നുണ്ട്. ആയതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തുകളിലും വയോജനക്ഷേമത്തിന് മാത്രമായുള്ള പ്രോജക്ടുകൾക്ക് തുക വകയിരുത്തുന്നതിൽ കുറവ് സംഭവിച്ചിട്ടുള്ളതായി സമീപകാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകൾ ഏറ്റവും കുറഞ്ഞപക്ഷം പൊതുവിഭാഗം വികസന ഫണ്ടിന്റെ സാധാരണ വിഹിതം, എസ്.സി.പി., റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 4 ശതമാനം തുക പാലിയേറ്റിവ് കെയറിന് മാത്രമായും 3 ശതമാനം തുക വയോജന ക്ഷേമത്തിന് മാത്രമായും നിർബന്ധമായും വകയിരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ എല്ലാ ഗ്രാമപഞ്ചായത്തുകളും പകൽവീട്ടുകൾ പോലുള്ള വയോജന ക്ഷേമത്തിന് മാത്രമായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, സമ്പൂർണ്ണ വയോജനക്ഷേമം സംസ്ഥാനത്ത് ഒട്ടാകെ യാഥാർത്ഥ്യമാക്കുന്നതിനും സാധിക്കുകയുള്ളൂ.

iii. വയോജനങ്ങളുടെ ക്ഷേമത്തിനായും സംരക്ഷണത്തിനായും ഓരോ നഗരസഭകളും തങ്ങളുടെ പദ്ധതി രൂപീകരണത്തിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പകൽവീടുകൾ നിർമ്മിച്ച് പ്രവർത്തനം നടത്തിവരുന്നു. നിർമ്മാണം പൂർത്തിയായ പകൽവീടുകൾ അടിയന്തിരമായി തുറന്നു പ്രവർത്തനം നടത്തുന്നതിനും , പകൽവീടുകൾ നിർമിക്കുന്നതിന് പദ്ധതി രൂപികരണത്തിൽ പ്രാധാന്യം നൽകണമെന്നും, അവ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും പതിനാലാം പഞ്ചവത്സരപദ്ധതി, മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനും വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റിവ് കെയർ പ്രകാരമുള്ള പരിചരണത്തിനും കുറഞ്ഞത് 5% തുക വകയിരുത്തണമെന്നും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള 19.04.2022-ലെ സ.ഉ.(കൈ) നം.86/22/തസ്വഭവ തീയതി നമ്പരായുള്ള മാർഗ്ഗരേഖയിൽ എല്ലാ നഗരസഭകൾക്കും കർശന നിർദേശം നൽകിയിട്ടുള്ളതാണ്. **(അനുബന്ധം IV)**

എറണാകുളം ജില്ലയിൽ 13 നഗരസഭകളിലും നിലവിൽ സ്ഥിതി ചെയ്യുന്ന പകൽവീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ULSBs | പകൽ വീടുകളുടെ എണ്ണം |
|---|---|---|
| 1. | Aluva | 0 |
| 2. | Angamali | 1 |
| 3. | Elloor | 1 |
| 4. | Kalamassery | 3 |
| 5. | Koothattukulam | 0 |
| 6. | Kothamangalam | 2 |
| 7. | Marad | 2 |
| 8. | Muvattupuzha | 0 |
| 9. | North Paravoor | 1 |
| 10. | Perumbavoor | 1 |
| 11. | Piravam | 0 |
| 12. | Thrikkakkara | 2 |

വാഴക്കുളം ബ്ലോക്കിലെ പകൽവീട് അറ്റകുറ്റപ്പണികൾക്കായി 2022-23 സാമ്പത്തിക വർഷം പ്രോജക്ട് വച്ചിട്ടുള്ളതും മെയിന്റനൻസ് കഴിഞ്ഞാൽ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

പ്രസ്തുത ഇടക്കാല റിപ്പോർട്ട് സമിതിയുടെ 03.07.2025-ലെ യോഗത്തിൽ അംഗീകരിക്കുകയും അന്തിമറിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

**<u>തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച തുടർ നടപടി</u>**

*(തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പിന്റെ 05.08.2025-ലെ ഡിഡി2/56/2019/എൽ.എസ്.ജി.ഡി) നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 22/01/2022 മുതൽ തുറന്ന് പ്രവർത്തിച്ചു വരുന്നുണ്ട്. വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പകൽവീട് തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി TV, വാട്ടർ ഡിസ്പെൻസർ, അലമാരകൾ എന്നിവ ഇതിനോടകം വാങ്ങിയിട്ടുണ്ട്. കൂടാതെ പകൽവീട് ഗുണഭോക്താക്കൾക്ക് റീഫ്രഷ്മെന്റ് /ഉച്ചഭക്ഷണം എന്നിവ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ കൂടി പരിശോധിച്ചു വരുന്നു.

*(സമിതിയുടെ 22.10.2025-ലെ യോഗത്തിൽ മറുപടി അംഗീകരിക്കുകയും തുടർ ശിപാർശ നല്കുകയും ചെയ്തു.)*

<u>**തുടർശിപാർശ**</u>

എടവനക്കാട് പഞ്ചായത്തിൽ പകൽ വീട് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**

**തിരുവനന്തപുരം** **ചെയർപേഴ്സൺ,**

**2026 ഫെബ്രുവരി 4** **മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി.**

അനുബന്ധം -I

| ജില്ലയുടെ പേര് | 2016-17 സാമ്പത്തികവർഷം പദ്ധതിവിഹിതത്തിന്റെ 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായി ചെലവഴിക്കാത്ത പഞ്ചായത്തിന്റെ പേര് | ചെലവഴിക്കാത്തതിന്റെ കാരണം |
|---|---|---|
| തിരുവനന്തപുരം | ആര്യനാട് | മാരക രോഗങ്ങളുള്ള വയോജനങ്ങളുടെ സംരക്ഷണം പദ്ധതി എന്ന പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| | ആര്യങ്കോട് | പകൽവീട് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാനായി പ്രോജക്ട് വച്ചിരുന്നുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭാവത്തിൽ പ്രോജക്ട് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. |
| | കരുംകുളം | വയോജനങ്ങൾക്കുള്ള ചികിത്സാസഹായ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം ഉണ്ടായി. |
| | കാട്ടാക്കട | വൃദ്ധസദനത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമായില്ല. |
| | കോട്ടുകാൽ | വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിൽ തടസ്സം നേരിട്ടു. |
| കൊല്ലം | അഞ്ചൽ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ആര്യങ്കാവ് | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ഇട്ടിവ | 92% ചെലവഴിച്ചിട്ടുണ്ട്. |
| | ഇടമുളയ്ക്കൽ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ഇളമാട് | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ഉമ്മന്നൂർ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | എഴുകോൺ | 86% ചെലവഴിച്ചു. ബാലൻസ് തുക 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ഓച്ചിറ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി |

| | |
|---|---|
| | ചെലവഴിച്ചിട്ടുണ്ട്. |
| കുണ്ടറ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| കരവാളൂർ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| കരീപ്ര | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| ക്ലാപ്പന | 95% ചെലവഴിച്ചു. |
| കുളക്കട | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| കുളത്തുപ്പുഴ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| കൊറ്റങ്കര | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| ചാത്തന്നൂർ | 95% ചെലവഴിച്ചു. |
| ചിതറ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| ചിറക്കര | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| തലവൂർ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| തെക്കുംഭാഗം | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| തെന്മല | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| തേവലക്കര | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| തൊടിയൂർ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| നെടുമ്പന | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| നെടുവത്തൂർ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പട്ടാഴി | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പൂതക്കുളം | 75% തുക ചെലവഴിച്ചു. ബാലൻസ് തുക 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പത്തനാപുരം | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പന്മന | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പനയം | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പവിത്രേശ്വരം | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പിറവന്തൂർ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പെരിനാട് | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പേരയം | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| മയ്യനാട് | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| മേലില | 87% ചെലവഴിച്ചു. |
| മൈനാഗപ്പള്ളി | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| മൈലം | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| വിളക്കുടി | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി |

| | | |
|---|---|---|
| | | ചെലവഴിച്ചിട്ടുണ്ട്. |
| | വെട്ടിക്കവല | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | വെളിനല്ലൂർ | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | വെസ്റ്റ് കല്ലട | 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ശാസ്താംകോട്ട | 79% ചെലവഴിച്ചു. |
| പത്തനംതിട്ട | ആനിക്കാട് | വയോജനക്ഷേമത്തിൽ ഉൾപ്പെടുത്തിയ വൃദ്ധർക്ക് പകൽവീട് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ലഭ്യമായില്ല. |
| | ആറന്മുള | വൃദ്ധർക്ക് മാനസിക ഉല്ലാസ സൗഹൃദപദ്ധതി - ടൂർ പ്രോഗ്രാം ആയിരുന്നതിനാൽ നിർവ്വഹണം നടത്താൻ സാധിച്ചിട്ടില്ല. |
| | കലഞ്ഞൂർ | വയോജനക്ഷേമത്തിൽ ഉൾപ്പെടുത്തിയ വൃദ്ധർക്ക് പകൽ വീട് എന്ന പദ്ധതി നടപ്പാക്കുന്നതിന് സ്ഥലം ലഭ്യമായില്ല. |
| | കവിയൂർ | വയോജന സൗഹൃദ ബ്ലോക്ക് നിർമ്മാണം എന്ന പദ്ധതിയുടെ ടെണ്ടർ നടപടി കഴിഞ്ഞ് നിർവ്വഹണം പൂർത്തിയാക്കി ബിൽ സമയബന്ധിതമായി സമർപ്പിക്കുവാൻ സാധിച്ചില്ല. |
| | കോയിപ്രം | 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വൃദ്ധർക്ക് പകൽവീട് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല |
| | മല്ലപ്പുഴശ്ശേരി | 5,75,000/- രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1,87,500/- രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. വൃദ്ധർക്ക് കട്ടിൽ പ്രോജക്ട് 2017-18 വർഷം സ്പിൽ ഓവറായി നടപ്പിലാക്കി 2,27,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| | നെടുമ്പ്രം | 2,75,000/- രൂപ വകയിരുത്തിയിരുന്നു. വൃദ്ധർക്ക് പകൽ വീട് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല. |
| | വടശ്ശേരിക്കര | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വയോജനങ്ങൾക്ക് പ്രതിമാസം ഭക്ഷണകിറ്റുകൾ നൽകി വരുന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് അതേ പദ്ധതി തന്നെ നടപ്പിലാക്കാതിരുന്നത്. |

| | | |
|---|---|---|
| ആലപ്പുഴ | എഴുപുന്ന | 2016-17 സാമ്പത്തിക വർഷം പദ്ധതി ഏറ്റെടുത്തെങ്കിലും 2017-18 സാമ്പത്തിക വർഷമാണ് പദ്ധതി പൂർത്തീകരിച്ചത്. |
| | വെൺമണി | വയോജന സൗഹൃദ വിശ്രമാലയം പണിയുന്നതിന് പദ്ധതി വച്ചിരുന്നു. എന്നാൽ പ്രവൃത്തി നടന്നില്ല. |
| | ദേവികുളങ്ങര | 7,15,000/- രൂപ വകയിരുത്തിയിരുന്നതിൽ 6,61,901/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| | കുമാരപുരം | 3,22,350 /-രൂപ വകയിരുത്തുകയും 2,69,690 /- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| | നെടുമുടി | ടി കാലയളവിൽ പാലിയേറ്റീവ് പരിചരണമാണ് വയോജനക്ഷേമം സംബന്ധിച്ച് ഏറ്റെടുത്ത പദ്ധതി. |
| | മാവേലിക്കര താമരക്കുളം | പ്ലാൻ ഫണ്ടിന്റെ 5% തുക 6,15,164/- രൂപയായിരുന്നു. ആയതിൽ 6,00,000/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. |
| | ചിങ്ങോലി | വയോജനങ്ങൾക്കുള്ള പകൽവീടിനായി കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ [illegible] ആരംഭിച്ചിട്ടുള്ളതാണ്. തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. |
| കോട്ടയം | ആർപ്പൂക്കര | വയോജന വിശ്രമകേന്ദ്രത്തിന് ഫർണിച്ചർ, ടെലിവിഷൻ എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന് ടെണ്ടർ, റീ ടെണ്ടർ നടത്തിയെങ്കിലും യാതൊരു പ്രതികരണവും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പായില്ല. |
| | എലിക്കുളം | 2016-17 സാമ്പത്തിക വർഷം വൃദ്ധർക്കായി 10,96,715 രൂപ വകയിരുത്തിയിരുന്നു. ആയതിൽ 3,38,510 രൂപ ചെലവഴിച്ചിട്ടുണ്ട്. വൃദ്ധർ , പാലിയേറ്റീവ് കെയർ ആവശ്യമുള്ളവർ, എന്നിവർക്കായുള്ള പ്രത്യേക പദ്ധതിക്കായാണ് പദ്ധതി വിഹിതത്തിന്റെ 5% തുക വകയിരുത്തിയിരുന്നത്. |
| | എരുമേലി | 2016-17 സാമ്പത്തിക വർഷത്തിൽ വയോജനങ്ങൾക്കായി 25,91,902/- രൂപയുടെ അഞ്ച് പദ്ധതികൾ വൃദ്ധ സദനത്തിന്റെ വിവിധ പ്രവൃത്തികൾക്കായി വകയിരുത്തിയിരുന്നു. എന്നാൽ വൃദ്ധസദനങ്ങളുടെ നിർമ്മാണം സംബന്ധിച്ച് കേസ് ഉണ്ടായിരുന്നതിനാൽ ടി തുക ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. |
| | കല്ലറ(വൈക്കം) | തുക വകയിരുത്തിയിരുന്നെങ്കിലും പകൽവീടുകളുടെ നവീകരണ പ്രവൃത്തികൾ തൻവർഷം പൂർത്തീകരിക്കുന്നതിന് കഴിഞ്ഞില്ല. |
| | മീനച്ചിൽ | വൃദ്ധർ/ പാലിയേറ്റീവ് കെയർ എന്നിവയ്ക്കായിട്ടാണ് 5 ശതമാനം തുക വകയിരുത്തിയിട്ടുള്ളത്. |
| | മൂന്നിലവ് | 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായി വകയിരുത്തി പൂർണ്ണമായും ചെലവഴിക്കുവാൻ സാധിച്ചില്ല. |
| | മുണ്ടക്കയം | നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹണം നടത്തിയില്ല. |

| | | |
|---|---|---|
| | നെടുംകുന്നം | വയോജനങ്ങൾക്ക് വേണ്ടി കട്ടിൽ പദ്ധതിക്ക വേണ്ട 5,50,262/- രൂപ ട്രഷറിയിൽ 18/01/2019-ൽ ബിൽ സമർപ്പിച്ചുവെങ്കിലും പ്രസ്തുത തുക പാസായിട്ടില്ലാത്തതിനാൽ ചെലവ് 5% പൂർത്തീകരിക്കാൻ സാധിച്ചില്ല. |
| | പായിപ്പാട് | പദ്ധതി വിഹിതമായി വകയിരുത്തിയെങ്കിലും തുക മുഴുവനായി ചെലവഴിക്കാനായില്ല. |
| | തലപ്പാലം | 5% തുക വകയിരുത്തിയിരുന്നു.അർഹരായ ഗുണഭോക്താക്കളുടെ കുറവ് മൂലം 4.6% തുകയേ ചെലവഴിച്ചുള്ളൂ. |
| | തിരുവാർപ്പ് | വയോജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ മാനദണ്ഡ പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താവൻ സാധിക്കാത്തതിനാലാണ് പ്രോജക്ട് നടപ്പിലാക്കുവാൻ സാധിക്കാതിരുന്നത്. |
| | വാകത്താനം | തൻ വർഷം ആശ്രയപദ്ധതിക്കായി 12 ലക്ഷം രൂപ പ്ലാൻ ഫണ്ട് വകയിരുത്തിയിരുന്നു. |
| ഇടുക്കി | അറക്കുളം | ഒരു പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചിട്ടുണ്ട്. |
| | ബൈസൺവാലി | പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചു. |
| | അടിമാലി | ഗുണഭോക്താക്കളുടെ കുറവ് |
| | മരിയാപുരം | പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചു. |
| | രാജാക്കാട് | പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചു. |
| | ഇടുക്കി-കഞ്ഞിക്കുഴി | പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചു. |
| | കരുണാപുരം | പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചു. |
| | കൊന്നത്തടി | പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചു. |
| | കുമളി | വൃദ്ധർക്ക് പകൽ വീടിന് സ്ഥലം വാങ്ങുന്നതിന് തുക വകയിരുത്തിയത് ടെണ്ടർ ക്ഷണിച്ചെങ്കിലും സ്ഥലം ലഭ്യമായില്ല. |
| | പെരുവന്താനം | വൃദ്ധർക്ക് കണ്ണട എന്ന പ്രോജക്ട് നടപ്പിലാക്കാൻ സാധിച്ചില്ല. |
| | വണ്ടിപ്പെരിയാർ | പകൽ വീട് നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കാത്തത് കാരണം. |
| എറണാകുളം | കുന്നത്തുനാട് | പ്രോജക്ട് പ്രകാരം പകൽവീടിന് കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരുന്ന റവന്യു പുറമ്പോക്ക് സ്ഥലം |

| | |
|---|---|
| | ലഭ്യമായില്ല. |
| ആയവന | പദ്ധതി ആസൂത്രണത്തിലെ പിഴവുകൾ കാരണം പദ്ധതി ഫീസിബിൾ അല്ലാതെയായി. |
| പുത്തൻവേലിക്കര | വയോജനങ്ങൾക്ക് വിശ്രമത്തിനായി മഹാത്മാഗാന്ധിയുടെ പ്രതിമയോടുകൂടിയ പാർക്ക് സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പ്രതിമയുടെ ഡിസൈൻ പൂർത്തീകരിച്ച് പാർക്ക് സജ്ജമാക്കുന്ന പ്രവർത്തി പ്രസ്തുത വർഷത്തിൽ പൂർത്തിയാകാതെ വന്നതിനെ തുടർന്ന് 2017-18 വർഷം 7,21,717/- രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| കീഴ്മക്കമ്പലം | ഉചിതമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചില്ല. |
| പാമ്പാക്കുട | പകൽവീട് മെയിന്റനൻസ് പൂർത്തിയാവാത്തതിനാൽ |
| കറുകുറ്റി | പകൽ വീട് ആരംഭിക്കാൻ അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ 2018-19 വാർഷിക പദ്ധതിയിൽ വയോജനങ്ങൾക്ക് വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം പ്രൊജക്ട് നടപ്പിലാക്കി. |
| വാഴക്കുളം | പ്രോജക്ട് നം.172 -ജെറിയാട്രിക് ക്ലിനിക് നിർമ്മാണം ആയുർവ്വേദ ഡിസ്പെൻസറി 5,15,000/- രൂപ വകയിരുത്തിയതിൽ. 3,61,452/- രൂപ സ്പിൽ ഓവർ ആയി 2018-19 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. |
| കുമ്പളം | വൃദ്ധർക്ക് പകൽവീടിന് തുക വകയിരുത്തിയെങ്കിലും വിട്ടു കിട്ടിയ സ്ഥലം പുരയിടം അല്ലാത്തതിനാൽ കൺസെന്റ് ലഭിച്ചിട്ടില്ല. |
| കുന്നുകര | 2016-17 സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ നിന്നും വയോജന സൗഹൃദ പദ്ധതികൾക്കായി തുക മാറ്റിവച്ചിരുന്നില്ല. |
| കീഴ്മാട് | ഗുണഭോക്താക്കൾ ലഭ്യമായിരുന്നില്ല. |
| എഴിക്കര | വയോജനങ്ങൾക്ക് അംഗൻവാടി തോറും ഹെൽത്ത് ക്ലബ്ബ് എന്ന പദ്ധതി നടപ്പിലായില്ല. |
| പോത്താനിക്കാട് | വയോജനസൗഹൃ പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടില്ല. |
| മലയാറ്റൂർ നീലേശ്വരം | വയോജന സൗഹൃദ പദ്ധതികൾക്ക് തുക വകയിരുത്താത്തതിനാൽ ചെലവഴിച്ചിട്ടില്ല. |

| | | |
|---|---|---|
| | ശ്രീമൂലനഗരം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് സാധിച്ചില്ല. |
| | പൈങ്ങോട്ടൂർ | 2016-17 വർഷം വയോജന സൗഹൃദ പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടില്ല. |
| | ചെല്ലാനം | പദ്ധതികൾ പൂർണ്ണമായും നടപ്പായില്ല. |
| | രായമംഗലം | വാർഡ് 20-ലെ പകൽ വീട് നിർമ്മാണം 2016-17-ൽ പൂർത്തിയായില്ല. |
| | കടമക്കുടി | 2016-2017 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിന്റെ 5% തുക പാലിയേറ്റീവ് കെയറിനും വൃദ്ധർക്കും കൂടിയുള്ള പദ്ധതികൾക്ക് ഒരുമിച്ചാണ് മാറ്റി വച്ചിട്ടുള്ളത്. അതിൽ പാലിയേറ്റീവ് കെയറിനു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. |
| | ഉദയംപേരൂർ | ഫിഷറീസ് ആശുപത്രി അനുബന്ധ കെട്ടിടത്തിൽ പകൽവീട് തുടങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. എന്നാൽ ആയതിന് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് അനുമതി ലഭിച്ചില്ല. |
| | കാഞ്ഞൂർ | പദ്ധതി ഏറ്റെടുത്തിരുന്നില്ല. |
| | നെല്ലിക്കുഴി | പാലിയേറ്റീവ് കെയർ വകയിരുത്തിയ തുക മുഴുവൻ ആവശ്യമായി വന്നില്ല. |
| | നെടുമ്പാശ്ശേരി | പകൽവീട് എന്ന പദ്ധതി സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| തൃശ്ശൂർ | ആളൂർ | പ്രൊജക്ട് പൂർത്തീകരിച്ചിട്ടുണ്ട്. |
| | അതിരപ്പിള്ളി | 2016-17 വർഷത്തിൽ വയോജന ക്ലബ്ബും വയോജന കൂട്ടായ്മയും രൂപീകൃതമായിട്ടില്ലായിരുന്നു. |
| | ചാഴൂർ | വയോജന വിശ്രമ കേന്ദ്രം 2016/17-ൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.എന്നാൽ 2017/18-ൽ ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും , പദ്ധതി വിഹിതം 2017/18-ൽ പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്. |
| | ചെർപ്പ് | 2016/17 സാമ്പത്തിക വർഷത്തിൽ പകൽവീട് നിർമ്മിക്കുന്നതിനായി 6,00,000/-രൂപ തുക വകയിരുത്തിയിരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പദ്ധതി ഉപേക്ഷിച്ചു. |
| | എളവള്ളി | 2016/17 ൽ 15,15,000/- രൂപ വകയിരുത്തിയിരുന്നു.ആയതിൽ 10,67,509/- രൂപ ചിലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| കടങ്ങോട് | വൃദ്ധർക്ക് പകൽവീട്- വാർഡ് 3 ,വൃദ്ധർക്ക് പകൽവീട്- വാർഡ് 10, പകൽവീട് വൈദ്യുതീകരണം, പകൽ വീട് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നീ 4 പദ്ധതികൾ 2016-17 ൽ ഏറ്റെടുത്തിരുന്നു. എന്നാൽ പകൽവീടിനുള്ള സ്ഥലം സറണ്ടർ ചെയ്തു കിട്ടാൻ കാലതാമസം നേരിട്ടതിനാലും പണി തുടങ്ങുമ്പോൾ ജനങ്ങളിൽ നിന്നും എതിർപ്പ് നേരിട്ടതിനാലും പൂർത്തീകരിക്കാൻ സാധിച്ചില്ല. പകൽവീട് നിർമ്മാണത്തിന് ശേഷം മാത്രമേ ബാക്കി 2 പദ്ധതികളും നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ബാക്കി 2 പദ്ധതികളും നടപ്പിലാക്കാൻ സാധിച്ചില്ല. |
| കടവല്ലൂർ | 4,10,000/- രൂപയുടെ കട്ടിൽ , പുതപ്പ് എന്നിവ വാങ്ങുന്നതിനുള്ള SUPPLY ORDER മാർച്ചിൽ നൽകിയെങ്കിലും വിതരണം ചെയ്യാനായില്ല. സ്പിൽ ഓവറായി ഏപ്രിൽ മാസം നടപ്പാക്കി. |
| കൈപ്പറമ്പ് | 2016-17 ൽ ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിച്ചത് 2017-18 സാമ്പത്തിക വർഷത്തിൽ ആയതിനാൽ തുക ചെലവഴിച്ചത് 2017-18-ൽ ആണ്. |
| കണ്ടാണശ്ശേരി | തുക മുഴുവനായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. |
| കൊണ്ടാഴി | 2017-18-ൽ സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട്. |
| മതിലകം | 2016-17 വർഷത്തിൽ വയോജനക്ഷേമ പ്രവർത്തനങ്ങൾക്കായി വയോജന പരിപാലനം, 60, 61, 77 നമ്പർ അംഗന വാടികളിൽ വൃദ്ധർക്ക് വിശ്രമകേന്ദ്രം ഒരുക്കൽ,അംഗനവാടിയോടനുബന്ധിച്ചുള്ള തണൽ കേന്ദ്രത്തിന് ഭൗതിക സംവിധാനം ഒരുക്കൽ, എസ്.സി വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ എന്നീ പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ആയതിൽ എസ്.സി വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ട് നടപ്പിലാക്കാൻ കഴിയാതിരുന്നതിനാലാണ് 5% തുക ചിലവഴിക്കാൻ സാധിക്കാതിരുന്നത്. |
| മേലൂർ | നിർമ്മാണ പ്രവർത്തികളായതിനാലാണ് 2016-17 വർഷത്തിൽ പ്രവർത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്നത്. |
| മുല്ലശ്ശേരി | 5% തുക വകയിരുത്തിയിരുന്നെങ്കിലും 2017-18 വർഷത്തിൽ സ്പിൽ ഓവറാക്കി തുക ചെലവഴിച്ചിട്ടുള്ളതാണ്. |
| മുള്ളൂർക്കര | വൃദ്ധർക്ക് വേണ്ടി പകൽവീട് സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിരുന്ന സ്ഥലം പകൽവീട് നിർമ്മാണത്തിന് മതിയാകാത്ത സാഹചര്യത്തിൽ ടി പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലാണ് വയോജനക്ഷേമത്തിന് നിശ്ചിത ശതമാനം തുക ചെലവഴിക്കാൻ സാധിക്കാതിരുന്നത്. |
| മുരിയാട് | 2017-18 വർഷം സ്പിൽ ഓവറായി തുക ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| പാണഞ്ചേരി | പകൽവീട് സ്ഥാപിച്ചിട്ടില്ലായിരുന്നതിനാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ പകൽവീടിലേയ്ക്ക് ഫർണിച്ചർ വാങ്ങുന്ന പ്രൊജക്റ്റ് നടപ്പിലാക്കിയില്ല. ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതിരുന്നതിനാൽ കട്ടിൽ വിതരണ ചെയ്യുന്ന പ്രൊജക്റ്റും ടി വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. |
| പെരിഞ്ഞനം | 2016-17 വർഷത്തിൽ 600429/-രൂപ വയോജനക്ഷേമത്തിനായി പകൽ വീട് എന്ന പ്രോജക്റ്റ് വെച്ചിരുന്നു. എന്നാൽ ടി പ്രോജക്റ്റ് നടപ്പിലാക്കാൻ സാധിച്ചില്ല. |
| പോർക്കളം | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിരുന്നുവെങ്കിലും, മാർഗ്ഗരേഖ പ്രകാരം ഉള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ വിതരണം ചെയ്യുന്നതിന് ടെണ്ടർ അപേക്ഷ ലഭ്യമായില്ല. |
| പുത്തൂർ | 2017-18 ൽ ഈ പദ്ധതി സ്പിൽ ഓവറായാണ് ചിലവഴിച്ചത്. |
| പുത്തൻചിറ | 1,50,000/- രൂപ അടങ്കൽ തുകയായി പദ്ധതി തയ്യാറാക്കിയിരുന്നു. നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് സാങ്കേതിക തടസ്സം മൂലം നടപ്പിലാക്കാനായില്ല. |
| തളിക്കുളം | പകൽവീട്- ചികിൽസ മരുന്ന് എന്ന പദ്ധതിയാണ് രൂപീകരിച്ചിരുന്നത്. എന്നാൽ പകൽവീടിന് സ്ഥലവും കെട്ടിടവും ലഭ്യമല്ലാത്തതിനാൽ പ്രൊജക്റ്റ് തുക ചിലവഴിക്കാൻ സാധിച്ചില്ല. |
| തെക്കുംകര | വയോജനക്ഷേമത്തിന് 16,84,550 /- രൂപ വകയിരുത്തിയിരുന്നു. ആയതിൽ 7,93,530/- രൂപ ചിലവഴിച്ചു. പകൽവീടിന് സ്ഥലം വാങ്ങുന്ന പദ്ധതിയിലേക്ക് വകസനഫണ്ട് എസ്.സി.പി 7,98,550/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ടെണ്ടറും റീടെണ്ടറും ക്ഷണിച്ചിട്ടും ആരും തന്നെ ടെണ്ടർ സമർപ്പിക്കുകയുണ്ടായില്ല. |
| വടക്കേക്കാട് | വൃദ്ധർ /പാലിയേറ്റീവ് വിഭാഗത്തിൽ ഉൾപ്പെടുത്തി പരിരക്ഷ പദ്ധതിക്ക് 5 ശതമാനത്തിലധികം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. |
| വല്ലച്ചിറ | വയോജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി 2016-17 ൽ 75 വയസ്സ് വൃദ്ധജനങ്ങൾക്ക് കട്ടിൽ (എസ്.സി) എന്ന പദ്ധതി ഏറ്റെടുത്തിരുന്നുവെങ്കിലും അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല .ആയതിനാലാണ് ചെലവ് ശതമാനം 5 ശതമാനത്തിൽ കുറവായത് . |
| വാടാനപ്പിള്ളി | 5 ശതമാനം ഫണ്ട് വകയിരുത്തി എങ്കിലും 4,43,380 രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. പകൽവീട് എന്ന പദ്ധതിക്കായി വകയിരുത്തിയ 4,67,000/-രൂപ സ്ഥലം |

| | | |
|---|---|---|
| | | ലഭ്യമല്ലാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചില്ല. |
| പാലക്കാട് | എലപ്പുള്ളി | ബാലൻസ് തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | പറളി | വൃദ്ധർക്കുള്ള പകൽവീട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കാത്തത് മൂലം തുക കൈമാറാൻ കഴിഞ്ഞില്ല. |
| | പെരുങ്ങോട്ടുകുറിശ്ശി | വൃദ്ധസദനം നിർമ്മാണം പൂർത്തിയാവാത്തതിനാൽ |
| | പിരായിരി | പകൽ വീട് പദ്ധതി സ്പിൽ ഓവറാക്കേണ്ടി വന്നു. |
| | പൂക്കോട്ടുകാവ് | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | തേങ്കുറിശ്ശി | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | അയിലൂർ | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | കാവശ്ശേരി | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | കുഴൽമന്ദം | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | തരൂർ | അർഹതയുള്ള ഗുണഭോക്താക്കളുടെ കുറവ് |
| | എലവഞ്ചേരി | അർഹതയുള്ള ഗുണഭോക്താക്കളുടെ കുറവ് |
| | കൊല്ലങ്കോട് | ഗുണഭോക്താക്കളുടെ കുറവ് , ബാലൻസ് തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | നെല്ലിയാമ്പതി | അർഹതയുള്ള ഗുണഭോക്താക്കളുടെ കുറവ് |
| | പട്ടഞ്ചേരി | വൃദ്ധർക്കുള്ള പകൽവീട് ജില്ലാപഞ്ചായത്ത് നടപ്പിലാക്കാത്തത് മൂലം തുക കൈമാറാൻ കഴിഞ്ഞില്ല. |
| | അഗളി | അർഹതയുള്ള ഗുണഭോക്താക്കളുടെ കുറവ് |
| | കുമരംപുത്തൂർ | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | തച്ചനാട്ടുകര | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | തെങ്കര | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | പുതൂർ | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | പട്ടിത്തറ | അർഹതയുള്ള ഗുണഭോക്താക്കളുടെ കുറവ് |

| | | |
|---|---|---|
| | തൃത്താല | ബാക്കി തുക സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | അമ്പലപ്പാറ | ഗുണഭോക്താക്കളുടെ കുറവ്, വൃദ്ധർക്കുള്ള പകൽ വീട് സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ലക്കിടി പേരൂർ | അർഹതയുള്ള ഗുണഭോക്താക്കളുടെ കുറവ് |
| | നെല്ലായ | അർഹതയുള്ള ഗുണഭോക്താക്കളുടെ കുറവ് |
| | പൂക്കോട്ടുകാവ് | പകൽവീട് പ്രവൃത്തി ആരംഭിച്ചിരുന്നു.ടി പ്രവർത്തി സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | വെള്ളിനേഴി | അർഹതയുള്ള ഗുണഭോക്താക്കളുടെ കുറവ് |
| മലപ്പുറം | തിരുവാലി | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | പൂക്കോട്ടൂർ | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | മൂർക്കനാട് | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | കണ്ണമംഗലം | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | തെന്നല | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | ആതവനാട് | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | നന്നമുക്ക് | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | മാറഞ്ചേരി | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | ഊരകം | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | തൃക്കലങ്ങോട് | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | ആനക്കയം | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി |

| | | |
|---|---|---|
| | | പൂർത്തീകരിച്ചു. |
| | പൊൻമള | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | പെരുമ്പടപ്പ് | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | കാലടി | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | ചോക്കാട് | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| | കുട്ടിലങ്ങാടി | പകൽവീടിന് സ്ഥലം ലഭിച്ചില്ല, സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിച്ചു. |
| കോഴിക്കോട് | അരിക്കുളം | പ്രോജക്ട് നടപ്പാക്കുന്നതിന് സ്ഥലം ലഭ്യമായിട്ടില്ലായിരുന്നു. |
| | അഴിയൂർ | മാർച്ച് മാസത്തിലാണ് തുക വകയിരുത്തിയത് . ടെണ്ടർ നടപടി പൂർത്തീകരിച്ച് 2017/18-ൽ തുക ചെലവഴിച്ചിട്ടുണ്ട്. |
| | ബാലുശ്ശേരി | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാകാത്തതിനാൽ സ്പിൽ ഓവറായി വകയിരുത്തിയതാണ്. |
| | ചങ്ങരോത്ത് | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | ചെക്യാട് | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | ചോറോട് | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | കടലുണ്ടി | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | കാക്കൂർ | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | കിഴക്കോത്ത് | വൃദ്ദസദനം നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | കോടഞ്ചേരി | വൃദ്ധസദനം നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | കൂടരഞ്ഞി | ഫണ്ട് വകയിരുത്തിയിരുന്നു. പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | കുരാച്ചുണ്ട് | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടില്ലായിരുന്നു. |

| | |
|---|---|
| കോട്ടൂർ | പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.പകൽ വീട് നിർമ്മാണത്തിനായി ഭൂമി ലഭ്യമാവാത്തതിനാൽ വകയിരുത്തിയ തുക ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. |
| കൂരാച്ചുണ്ട് | പകൽവീട് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാവാത്തതിനാൽ |
| കുന്ദമംഗലം | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടില്ലായിരുന്നു. |
| മണിയൂർ | പകൽവീട് നിർമ്മാണം ടെണ്ടർ ചെയ്തെങ്കിലും ആരും എടുത്തില്ല. |
| മരുതോങ്കര | പകൽവീടിന് റാക്കും ബുക്കുകളും എന്ന പദ്ധതി പൂർത്തിയാകാത്തതിനാൽ 17-18-ലാണ് പൂർത്തീകരിച്ചത്. |
| മൂടാടി | പകൽവീട് വൈദ്യുതീകരണം , വൃദ്ധജന സൗഹൃദ കേന്ദ്രം എന്നിവയ്ക്കാണ് തുക വകയിരുത്തിയത്.എസ്റ്റിമേറ്റ് ലഭ്യമാകാൻ വൈകിയതിനാൽ തനത് വർഷം തുക ചെലവാക്കിയിട്ടില്ല. പ്രസ്തുത പ്രവർത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. വൃദ്ധജന സൗഹൃദകേന്ദ്ര നിർമ്മാണത്തിന് സ്ഥലം ലഭ്യമായില്ല. |
| നന്മണ്ട | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| നരിപ്പറ്റ | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| നൊച്ചാട് | പകൽ വീട് നിർമ്മാണത്തിനായിരുന്നു തുക വകയിരുത്തിയിരുന്നത്. ആയത് സ്പിൽ ഓവറായി ഉൾപ്പെടുത്തി 17-18-ൽ ചെലവഴിച്ചു. |
| ഓമശ്ശേരി | പകൽ വീടിന് സ്ഥലം വാങ്ങൽ പദ്ധതി വച്ചിരുന്നു. പദ്ധതി നടപ്പിലായില്ല. |
| പേരാമ്പ്ര | പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാവുന്നതിലും ടെണ്ടർ നടപടികളിലും വന്ന കാലതാമസം |
| പെരുമണ്ണ | സീനിയർ സിറ്റിസൺ കോർണർ നിർമ്മാണം പദ്ധതി നടപ്പിലാക്കാൻ അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാൽ സാധിച്ചില്ല. |
| പുതുപ്പാടി | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| താമരശ്ശേരി | വൃദ്ധസദന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ പദ്ധതിക്ക് തുക വകയിരുത്തിയിരുന്നെങ്കിലും സ്ഥലം ലഭ്യമായില്ല. |

| | | |
|---|---|---|
| | തിക്കോടി | പകൽവീട് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ |
| | തിരുവള്ളൂർ | പകൽവീട് പദ്ധതി വകയിരുത്തിയെങ്കിലും നടപ്പാക്കിയിട്ടില്ല. |
| | ഉണ്ണികുളം | വയോജനങ്ങൾക്ക് തൊഴിൽദാന പദ്ധതി കോഴിയും കൂട്ടും 9,18,000/- രൂപ വകയിരുത്തിയിരുന്നു. പദ്ധതി അംഗീകാരം ലഭിക്കാതിരുന്നതിനാൽ നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. |
| | വാണിമേൽ | 5% വകയിരുത്തിയതിൽ 4% ചെലവഴിച്ചിട്ടുണ്ട്. |
| | വേളം | 7.8 ശതമാനം തുക വകയിരുത്തിയിരുന്നു. ജീവനക്കാരുടെ കുറവ് കാരണം നിർവ്വഹണം നടത്താൻ കഴിഞ്ഞില്ല. |
| | വില്യാപ്പള്ളി | വൃദ്ധർ , പാലിയേറ്റീവ് എന്നീ ഇനങ്ങളിൽ 5% വകയിരുത്തിയതിൽ 4.71% ചെലവഴിച്ചിട്ടുണ്ട്. |
| കണ്ണൂർ | അഴീക്കോട് | ഭഗത്സിംഗ് കോളനി വയോജനവിശ്രമകേന്ദ്രം പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| | ചെമ്പിലോട് | വയോജനങ്ങൾക്കും പാലിയേറ്റീവിനും ഉൾപ്പെടെയാണ് 5% തുക വകയിരുത്തിയത് |
| | ചെങ്ങളായി | വയോജന മന്ദിരം നിർമ്മാണത്തിന് വകയിരുത്തിയ തുക 2016-17 വർഷം ചെലവഴിച്ചില്ല, സ്പിൽ ഓവറായി ചെലവഴിച്ചു. |
| | ചെറുതാഴം | വയോജനങ്ങൾക്കും പാലിയേറ്റീവിനും ഉൾപ്പെടെയാണ് 5% തുക വകയിരുത്തിയത്. |
| | ചൊക്ലി | ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ കുറവ് |
| | ധർമ്മടം | വയോജനങ്ങൾക്കും പാലിയേറ്റീവിനും ഉൾപ്പെടെയാണ് 5% തുക വകയിരുത്തിയത് .വൃദ്ധർക്ക് കട്ടിൽ (പട്ടിക ജാതി) എന്ന പദ്ധതിക്ക് ഗുണഭോക്താക്കളുടെ കമ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ 2018-19 വർഷത്തിൽ പൂർത്തീകരിച്ചു. |
| | എരഞ്ഞോളി | വൃദ്ധർക്ക് കട്ടിൽ(പട്ടികജാതി) എന്ന പദ്ധതിക്ക് അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ |
| | കൊളച്ചേരി | 2017-18 വർഷത്തിൽ പൂർത്തീകരിച്ചു. |
| | കോളയാട് | പ്രോജക്റ്റ് പൂർത്തിയായത് 2017-18-ലാണ് . 2017-18-ൽ ഈ തുക ചെലവഴിച്ചിട്ടുണ്ട്. |
| | കുടാളി | സ്പിൽ ഓവറായി പൂർത്തീകരിച്ചു. |

| | |
|---|---|
| കോട്ടയം | സാന്ത്വന പരിചരണ പദ്ധതിക്ക് കൂടി തുക വകയിരുത്തി. |
| കൊട്ടിയൂർ | ആകെ ഉള്ള 4 പ്രോജക്ടുകളിൽ 1 എണ്ണം നടപ്പായില്ല. |
| കണ്ണൊത്തുപറമ്പ | 2017-18 വർഷം വയോജന കേന്ദ്രങ്ങൾക്ക് ഫർണിച്ചർ എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. |
| മാടായി | വയോജന കേന്ദ്രം നിർമ്മാണത്തിന് സ്ഥലം വാങ്ങൽ പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചു. |
| മാങ്ങാട്ടിടം | പി.എച്ച്.സി സാന്ത്വനപരിചരണ വിഭാഗം കെട്ടിടനിർമ്മാണം പദ്ധതി ആ വർഷം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. |
| മുണ്ടേരി | പകൽ വീട് നിർമ്മാണം പൂർത്തിയാവാത്തതിനാൽ 2017-18 വർഷം ചെലവഴിച്ചിട്ടുണ്ട്. |
| മുഴപ്പിലങ്ങാട് | വൃദ്ധ വിശ്രമകേന്ദ്രം വൈദ്യുതീകരിക്കൽ, വൃദ്ധ വിശ്രമകേന്ദ്രം മെയിന്റനൻസ് എന്നിവ 2017-18-ൽ പൂർത്തീകരിച്ചു. |
| നാറാത്ത് | പകൽ വീടിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിക്ക് 5,00,000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു കെട്ടിടം പകൽ വീടിന് വേണ്ടി മാറ്റി വച്ചതിനാൽ പദ്ധതി ഉപേക്ഷിച്ചു. നിലവിൽ ടി കെട്ടിടത്തിൽ പകൽ വീടിന് അടിസ്ഥാനസൗകര്യം ഒരുക്കിയിട്ടുണ്ട്. |
| പടിയൂർ | വയോജന മന്ദിരങ്ങൾക്കുള്ള വയറിംഗ് പ്രവർത്തി പൂർത്തിയാകാത്തതു കാരണം |
| പരിയാരം | 2016-17 വർഷം വയോജനങ്ങൾക്ക് മാത്രമായി തുക വകയിരുത്തേണ്ടിയിരുന്നില്ല. (5% തുക കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പെയിൻ & പാലിയേറ്റീവ് കെയർ രോഗികൾ ഒന്നാകെ) |
| പട്ടുവം | വൃദ്ധസദനത്തിന് സ്ഥലം വാങ്ങൽ പദ്ധതി പൂർത്തിയായില്ല. |
| പായം | വയോജനങ്ങൾക്കും പാലിയേറ്റീവിനും ഉൾപ്പെടെയാണ് തുക വകയിരുത്തിയത്. |
| പയ്യാവൂർ | പ്രവർത്തി പൂർത്തിയാവാത്തതിനാൽ |
| പെരളശ്ശേരി | വയോജന വിശ്രമ കേന്ദ്രത്തിന് സ്ഥലം വാങ്ങൽ പദ്ധതി പൂർത്തിയായില്ല. |

| | | |
|---|---|---|
| | പേരാവൂർ | 2016-17-ൽ പദ്ധതി പൂർത്തിയാവാത്തതിനാൽ 2017-18-ൽ ചെലവഴിച്ചു. |
| | പെരിങ്ങോം വയക്കര | വയോജനങ്ങൾക്കുള്ള നിർദ്ദിഷ്ട പകൽവീട് കെട്ടിടത്തിന് കളിസ്ഥലവും ചുറ്റുമതിലും പ്രോജക്ട് 2016-17 വർഷം പൂർത്തിയായില്ല. |
| | രാമന്തളി | വയോജനങ്ങൾക്കുള്ള പകൽവീട് നിർമ്മാണത്തിനാണ് തുക വകയിരുത്തിയത്. പകൽ വീട് നിർമ്മാണം 2016-17 വർഷം പൂർത്തിയായില്ല. |
| | തില്ലങ്കേരി | വയോജനങ്ങൾക്കും പാലിയേറ്റീവിനും ഉൾപ്പെടെയാണ് 5% തുക വകയിരുത്തിയത്.വയോജന സൗഹൃദം മാത്രമായി പ്രത്യേകം പദ്ധതി ആവിഷ്കരിച്ചിട്ടില്ല. |
| | തൃപ്പങ്ങോട്ടൂർ | ഒരു പദ്ധതി നടപ്പിലാവാത്തതിനാൽ സ്പിൽ ഓവറായി 2017-18 വർഷം നടപ്പിലായി |
| | ഉളിക്കൽ | പ്രോജക്ട് നം.115/17 ഉളിക്കൽ ആസ്ഥാനമായി വൃദ്ധവിനോദവിശ്രമകേന്ദ്രം സ്ഥാപിക്കൽ എന്ന പ്രോജക്ട് സ്ഥലം ലഭ്യമാക്കാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| കാസർഗോഡ് | അജാനൂർ | വെള്ളിക്കോത്ത് വയോജനകേന്ദ്രത്തിൻറെ പണി പൂർത്തിയാകാത്തത് കൊണ്ടാണ് 5% തുക ചെലവഴിക്കാതിരുന്നത്. 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ബദിയടുക്ക | പകൽവീടിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാലാണ് 5% തുക ചെലവഴിക്കാതിരുന്നത്. 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| | ബളാൽ | വെള്ളരിക്കുണ്ട് വൃദ്ധസദനത്തിന് 8,30,000/- രൂപ വകയിരുത്തിയിരുന്നു. തൻവർഷം പദ്ധതി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർവർഷങ്ങളിൽ പൂർത്തീകരിച്ചു |
| | ബെള്ളൂർ | പകൽവീട് നിർമ്മാണത്തിനായിട്ടാണ് 6,30,000/- രൂപ വകയിരുത്തിയിരുന്നത്. എന്നാൽ ഭൂമി ലഭ്യമാകാത്തതിനാൽ നിർമ്മാണം ആരംഭിക്കാനായില്ല. |
| | ചെമ്മനാട് | വയോജന ക്ഷേമത്തിനായി 3 പദ്ധതികളാണ് ഉണ്ടായിരുന്നത്. വൃദ്ധസദനത്തിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാലാണ് 5% തുക ചെലവഴിക്കാതിരുന്നത്. 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| ചെറുവത്തൂർ | വയോജന വിശ്രമ കേന്ദ്രം നിർമാണം പൂർത്തിയാവാത്തതിനാൽ തുക ചിലവഴിച്ചില്ല. 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| ദേലംപാടി | 2017-18 വർഷം സ്പിൽ ഓവറായി 223175/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| എൻമകജെ | പ്രോജക്ട്.നം. 231/16 എസ്.ടി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി പൂർത്തികരിക്കാത്തതിനാലാണ് 5% തുക ചെലവഴിക്കാതിരുന്നത്. 2017-18 വർഷം സ്പിൽ ഓവറായി 3,04,464/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| കള്ളാർ | 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| കാറഡുക്ക | ഫണ്ട് ലഭ്യതക്കുറവ് കാരണം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല. 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| കോടോം-ബേളൂർ | പദ്ധതി ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ നടപ്പിലാക്കിയിട്ടില്ല.ഒരു പദ്ധതി സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| കുമ്പഡാജെ | വകയിരുത്തിയതിൽ 90 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. |
| കുമ്പള | 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| കുറ്റിക്കോൽ | വകയിരുത്തിയതിൽ 84 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. |
| മധൂർ | ആവശ്യമായ ഗുണഭോക്താക്കളെ കിട്ടാത്തതിനാൽ |
| മംഗൽപാടി | കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ 5% തുക ചെലവഴിച്ചിട്ടില്ല. 2017-18 വർഷം സ്പിൽ ഓവറായി 12,71,473/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| മഞ്ചേശ്വരം | ആവശ്യമായ ഗുണഭോക്താക്കളെ കിട്ടാത്തതിനാൽ ഒരു പദ്ധതി സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| മീഞ്ച | 94 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. |
| മൊഗ്രാൽ പുത്തൂർ | 76.14 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. |
| മുളിയാർ | 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പടന്ന | കട്ടിൽ വിതരണം പദ്ധതി പൂർത്തീകരിക്കാത്തതിനാൽ |

| | |
|---|---|
| പൈവളിഗെ | 5,91,000/- രൂപ വകയിരുത്തിയ പകൽവീട് കെട്ടിട നിർമ്മാണം എന്ന പദ്ധതി 2017-18 വർഷമാണ് പൂർത്തീകരിച്ചത്. |
| പള്ളിക്കര | 2016-17 വർഷം പാക്കം ആയുർവേദ കേന്ദ്രത്തിന് അനുബന്ധമായി വയോജന വിശ്രമ കേന്ദ്രം നിർമ്മാണം എന്ന പദ്ധതിക്ക് തുക വകയിരുത്തിയെങ്കിലും കെട്ടിടം പൂർത്തീകരിച്ചിരുന്നില്ല. പദ്ധതി പൂർത്തീകരിച്ചത് 2017-18 വർഷത്തിലാണ്. |
| പനത്തടി | 7 ലക്ഷം വകയിരുത്തിയ പകൽവീട് വിശ്രമ കേന്ദ്രം നവീകരണം പ്രൊജക്റ്റ് പൂർത്തീകരിച്ചില്ല. |
| പിലിക്കോട് | 5 ലക്ഷം വകയിരുത്തിയ വയോജനങ്ങൾക്ക് പകൽ വിശ്രമ കേന്ദ്രം- കൊടക്കാട്-2016-17 വർഷത്തിൽ പൂർത്തീകരിച്ചില്ല. 2017-18 വർഷം സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. |
| പുല്ലൂർ-പെരിയ | പകൽ വീട് പൂർത്തീകരണത്തിനുള്ള തുക ചെലവഴിച്ചിട്ടില്ല. |
| പുത്തിഗെ | പദ്ധതി പൂർത്തീകരിക്കാത്തതിനാൽ 5% തുക ചെലവഴിച്ചിട്ടില്ല. സ്പിൽ ഓവറായി 175000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| തൃക്കരിപ്പൂർ | 3 ലക്ഷം വകയിരുത്തിയ ഉടുമ്പുന്തല പി.എച്ച്.സി- ഫിസിയോ തെറാപ്പി സെന്റർ നിർമ്മാണം പദ്ധതി പൂർത്തീകരിച്ചില്ല. |
| ചെങ്കള | 82 ശതമാനം ചെലവഴിച്ചിട്ടുണ്ട്. |
| ഉദുമ | 2016-17 വർഷം കോട്ടിക്കുളം പകൽവീട് കക്കൂസ് നിർമ്മാണം എന്ന പദ്ധതിക്ക് തുക വകയിരുത്തിയെങ്കിലും പദ്ധതി പൂർത്തീകരിച്ചത് 2017-18 വർഷത്തിലാണ്. |
| വെസ്റ്റ് എളേരി | നാട്ടക്കൽ വയോജന വിശ്രമകേന്ദ്രം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അത് സ്പിൽ ഓവറായി 2017-18 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ട്. |

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16) യുടെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 12മേലുള്ള അധിക വിവരം സംബന്ധിച്ച റിപ്പോർട്ട്

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2014-16) നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 12-ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി മുതിർന്ന പൗരന്മാർക്ക് ആയുർവേദ ചികിത്സ നൽകുന്ന 'വയോ അമൃതം', 'സ്നേഹധാര' പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയെ അറിയിയ്ക്കുന്നു.

മുതിർന്ന പൗരന്മാർക്ക് ആയുർവേദ ചികിത്സ നൽകുന്ന വയോ അമൃതം', 'സ്നേഹധാര' പദ്ധതികൾ നടപ്പാലാക്കി വരുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

വയോഅമൃതം

1.തിരുവനന്തപുരം -സ്ത്രീകളുടെ വൃദ്ധസദനം,പൂജപ്പുര
2.തിരുവനന്തപുരം- ഗവൺമെന്റ് കെയർ ഹോം, പുലയനാർ കോട്ട
3.കൊല്ലം- സർക്കാർ വൃദ്ധമന്ദിരം, കൊല്ലം
4.ആലപ്പുഴ- സർക്കാർ വൃദ്ധ/വികലാംഗ സദനം, മായിത്തറ
5..പത്തനംതിട്ട -സർക്കാർ വൃദ്ധ മന്ദിരം, വയലത്തല
6.കോട്ടയം-സർക്കാർ വൃദ്ധമന്ദിരം, തിരുവഞ്ചൂർ
7.ഇടുക്കി- സർക്കാർ വൃദ്ധമന്ദിരം,തൊടുപുഴ
8.എറണാകുളം-സർക്കാർ വൃദ്ധമന്ദിരം,തേവര
9.എറണാകുളം -സർക്കാർ വൃദ്ധസദനം, എടവനക്കാട്
10.തൃശ്ശൂർ- സർക്കാർ വൃദ്ധ മന്ദിരം, തൃശ്ശൂർ
11.പാലക്കാട് -സർക്കാർ വൃദ്ധമന്ദിരം ,കൊട്ടവായൂർ
12.മലപ്പുറം- സർക്കാർ വൃദ്ധമന്ദിരം, തവനൂർ
13.കോഴിക്കോട്-സർക്കാർ വൃദ്ധമന്ദിരം, വെള്ളിമാട് കുന്ന്
14.കണ്ണൂർ -സർക്കാർ വൃദ്ധമന്ദിരം, അഴീക്കൽ
15 വയനാട് -സർക്കാർ വൃദ്ധമന്ദിരം, കണിയാമ്പറ്റ
16.കാസർകോഡ്- സർക്കാർ വൃദ്ധമന്ദിരം, കാസർഗോഡ്

സ്നേഹധാര

1.തിരുവനന്തപുരം- ജില്ലാ ആയുർവേദ ആശുപത്രി , നെയ്യാറ്റിൻകര
2.കൊല്ലം- ജില്ലാ ആയുർവേദ ഡിസ്പെൻസറി ,തൃക്കടവൂർ
3.പത്തനംതിട്ട -ജില്ലാ ആയുർവേദ ആശുപത്രി , അങ്ങാടിക്കൽ നോർത്ത്
4.ആലപ്പുഴ-ജില്ലാ ആയുർവേദ ഡിസ്പെൻസറി , കണ്ടല്ലൂർ ,ജില്ലാ ആയുർവേദ ഡിസ്പെൻസറി,പനവള്ളി
5.കോട്ടയം -ജില്ലാ ആയുർവേദ ആശുപത്രി , കിടങ്ങൂർ

6.ഇടുക്കി-ജില്ലാ ആയുർവേദ ആശുപത്രി, കല്ലാർ

7.എറണാകളം-ജില്ലാ. ആയുർവേദ ഡിസ്പെൻസറി ,എടക്കാട്ടുവയൽ , ജില്ലാ ആയുർവേദ ഡിസ്പെൻസറി, ഏഴക്കരനാട്.

8.തൃശ്ശൂർ -ജില്ലാ ആയുർവേദ ആശുപത്രി , അന്തിക്കാട്, ജില്ലാ ആയുർവേദ ഡിസ്പെൻസറി ആവണിശ്ശേരി , ജില്ലാ ആയുർവേദ ഡിസ്പെൻസറി , ഇരുനിലംകോട്,

9.പാലക്കാട്- ജില്ലാ ആയുർവേദ ആശുപത്രി ,തെങ്കര.

10.മലപ്പുറം- ജില്ലാ ആയുർവേദ ആശുപത്രി ,വേങ്ങര.

11.കോഴിക്കോട്- ജില്ലാ ആയുർവേദ ഡിസ്പെൻസറി ,മരുതോങ്കര , ജില്ലാ ആയുർവേദ ഡിസ്പെൻസറി , നടുവണ്ണൂർ , ജില്ലാ ആയുർവേദ ഡിസ്പെൻസറി , കറുവട്ടൂർ

12.വയനാട് -താലൂക്ക് ആയുർവേദ ആശുപത്രി ,സുൽത്താൻബത്തേരി.

13.കണ്ണൂർ -ജില്ലാ ആയുർവേദ ഡിസ്പെൻസറി .ചിറക്കൽ ,ജില്ലാ ആയുർവേദ ഡിസ്പെൻസറി,ശിവപുരം.

14.കാസർഗോഡ് -ജില്ലാ ആയുർവേദ ആശുപത്രി, കോയംകര, ജില്ലാ ആയുർവേദ ഡിസ്പെൻസറി , ചെറുവത്തൂർ, ജില്ലാ ആയുർവേദ ഡിസ്പെൻസറി, പടന്ന.

വയോ അമൃതം', 'സ്നേഹധാര' പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

<u>വയോ അമൃതം</u>

**തിരുവനന്തപുരം**

| സാമ്പത്തിക വർഷം | വയോ അമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം (ഗവ. -കെയർ ഹോം പുലയനാർകോട്ട,<br><br>ഗവ.ഓർഡ് ഏജ് ഹോം പൂജപ്പുര) | ആകെ |
|---|---|---|
| 2017-18 | 80+41 | 121 |
| 2018-19 | 83+32 | 115 |
| 2019-20 | 75+26 | 101 |
| 2020-21 | 50+22 | 72 |
| 2021-22 | 92+23 | 115 |

**കൊല്ലം**

| സാമ്പത്തിക വർഷം | വയോഅമൃതം'പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം<br><br>പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 276+182 | 458 |
| 2018-19 | 450+305 | 755 |
| 2019-20 | 466+352 | 818 |
| 2020-21 | 618+275 | 893 |

| | | |
|---|---|---|
| 2021-22 | 314+182 | 496 |

പത്തനംതിട്ട

| സാമ്പത്തിക വർഷം | വയോഅമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 22+23 | 45 |
| 2018-19 | 21+23 | 44 |
| 2019-20 | 23+23 | 46 |
| 2020-21 | 23+23 | 46 |
| 2021-22 | 15+22 | 37 |

ആലപ്പുഴ

| സാമ്പത്തിക വർഷം | വയോഅമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 30 | 30 |
| 2018-19 | 33 | 33 |
| 2019-20 | 30 | 30 |
| 2020-21 | 33 | 33 |
| 2021-22 | 28 | 28 |

കോട്ടയം

| സാമ്പത്തിക വർഷം | വയോഅമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 25 | 25 |
| 2018-19 | 29 | 29 |
| 2019-20 | 27 | 27 |
| 2020-21 | 29 | 29 |
| 2021-22 | 25 | 25 |

ഇടുക്കി

| സാമ്പത്തിക വർഷം | വയോഅമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 280 | 280 |
| 2018-19 | 234 | 234 |
| 2019-20 | 380 | 380 |
| 2020-21 | 322 | 322 |
| 2021-22 | 127 | 127 |

എറണാകുളം

| സാമ്പത്തിക വർഷം | വയോഅമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം<br><br>ഗവ.ഓൾഡ് ഏജ് ഹോം തേവര,ഗവ.ഓൾഡ് ഏജ് &ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്റർ ,എടവനക്കാട് | ആകെ |
|---|---|---|
| 2017-18 | 35+20 | 55 |
| 2018-19 | 43+22 | 65 |
| 2019-20 | 47+23 | 70 |
| 2020-21 | 48+28 | 76 |
| 2021-22 | 43+28 | 71 |

തൃശ്ശൂർ

| സാമ്പത്തിക വർഷം | വയോഅമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 26+52 | 78 |
| 2018-19 | 28+67 | 95 |
| 2019-20 | 36+70 | 106 |
| 2020-21 | 27+59 | 86 |
| 2021-22 | 22+35 | 57- |

പാലക്കാട്

| സാമ്പത്തിക വർഷം | വയോഅമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 26 | 26 |
| 2018-19 | 26 | 26 |
| 2019-20 | 27 | 27 |
| 2020-21 | 28 | 28 |
| 2021-22 | 23 | 23 |

മലപ്പുറം

| സാമ്പത്തിക വർഷം | വയോഅമൃതം' പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 520 | 520 |
| 2018-19 | 752 | 752 |
| 2019-20 | 715 | 715 |
| 2020-21 | 534 | 534 |
| 2021-22 | 306 | 306 |

കോഴിക്കോട്

| സാമ്പത്തിക വർഷം | വയോഅമൃതം 'പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 85 | 85 |
| 2018-19 | 88 | 88 |
| 2019-20 | 67 | 67 |
| 2020-21 | 80 | 80 |
| 2021-22 | 50 | 50 |

**വയനാട്**

| സാമ്പത്തിക വർഷം | വയോഅമൃതം 'പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 45 | 45 |
| 2018-19 | 45 | 45 |
| 2019-20 | 41 | 41 |
| 2020-21 | 29 | 29 |
| 2021-22 | 35 | 35 |

**കണ്ണൂർ**

| സാമ്പത്തിക വർഷം | വയോഅമൃതം 'പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2017-18 | 624 | 624 |
| 2018-19 | 706 | 706 |
| 2019-20 | 700 | 700 |
| 2020-21 | 90 | 90 |
| 2021-22 | 248 | 248 |

**കാസർഗോഡ്**

| സാമ്പത്തിക വർഷം | വയോഅമൃതം 'പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം പുരുഷൻ/സ്ത്രീ | ആകെ |
|---|---|---|
| 2019-20 | 262 | 262 |
| 2020-21 | 286 | 286 |
| 2021-22 | 199 | 199 |

**സ്നേഹധാര**

ആലപ്പുഴ

| സാമ്പത്തിക വർഷം | സ്നേഹധാര പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം | ആകെ |
|---|---|---|
| 2017-18 | 966 | 966 |
| 2018-19 | 2180 | 2180 |
| 2019-20 | 1485 | 1485 |
| 2020-21 | 1555 | 1555 |

എറണാകുളം

| സാമ്പത്തിക വർഷം | സ്നേഹധാര പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം | ആകെ |
|---|---|---|
| 2017-18 | 1650 | 1650 |
| 2018-19 | 1992 | 1992 |
| 2019-20 | 2641 | 2641 |
| 2020-21 | 920 | 920 |

തൃശ്ശൂർ

| സാമ്പത്തിക വർഷം | സ്നേഹധാര പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം | ആകെ |
|---|---|---|
| 2017-18 | 410 | 410 |
| 2018-19 | 559 | 559 |
| 2019-20 | 3841 | 3841 |
| 2020-21 | 3994 | 3994 |

കോഴിക്കോട്

| സാമ്പത്തിക വർഷം | സ്നേഹധാര പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം | ആകെ |
|---|---|---|
| 2017-18 | 1810 | 1810 |
| 2018-19 | 2500 | 2500 |
| 2019-20 | 2070 | 2070 |
| 2020-21 | 1326 | 1326 |

കണ്ണൂർ

| സാമ്പത്തിക വർഷം | സ്നേഹധാര പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം | ആകെ |
|---|---|---|
| 2017-18 | ഇല്ല | - |
| 2018-19 | ഇല്ല | - |
| 2019-20 | 1680 | 1680 |

57

| | | |
|---|---|---|
| 2020-21 | ഇല്ല | - |

കാസർഗോഡ്

| സാമ്പത്തിക വർഷം | സ്നേഹധാര പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം | ആകെ |
|---|---|---|
| 2017-18 | 4393 | 4393 |
| 2018-19 | 3407 | 3407 |
| 2019-20 | 1344 | 1344 |
| 2020-21 | 1488 | 1488 |

B

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19) സമിതിയുടെ 4-ാമത് റിപ്പോർട്ട് ഖണ്ഡിക 15 ന് മേൽ അധിക വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

എറണാകുളം ജില്ലയിൽ ആരംഭിച്ച നിയമസഹായ ക്ലിനിക്ക് മറ്റ് ജില്ലകളിലും ആരംഭിക്കുന്നതിനും ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷകമ്മീഷണറോട് നിർദേശിച്ചിരുന്നു.

പ്രസ്തുത വിഷയത്തിൽ വിവിധ ജില്ലാ കളക്ടർമാർ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചുവടെ ചേർക്കും പ്രകാരമുള്ള റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിയ്ക്കുന്നു.

1. തിരുവനന്തപുരം ജില്ല:-

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 15 പ്രകാരം ജില്ലയിൽ സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്കുകൾ കൂടുതൽ വ്യാപകമാക്കുന്നതിനും മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനും നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും മുതിർന്ന പൗരന്മാർക്കു വേണ്ടി നിയമ സഹായ ക്ലിനിക്കുകൾ കെൽസയുടെ (K.L.S.A) താലൂക്ക് വിഭാഗമായ ടെൽസ (T.L.S.A) വഴി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും തിരുവനന്തപുരം നെടുമങ്ങാട് മെയിന്റനൻസ് ട്രൈബ്യൂണലുകൾക്ക് തിരുവനന്തപുരം ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതായും ആയത് അടിയന്തിരമായി പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് നെടുമങ്ങാട് മെയിന്റനൻസ് 2 ട്രൈബ്യൂണൽ പ്രിസൈഡിംഗ് ഓഫീസർ വിവരം അറിയിച്ചിട്ടുണ്ട്.

2. കൊല്ലം ജില്ല:-

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ശുപാർശപ്രകാരം കൊല്ലം ജില്ലയിലെ താലൂക്കുകളിൽ നോഡൽ ഓഫീസർമാരായി ബന്ധപ്പെട്ട തഹസിൽദാർമാരെ നിയമിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും കൂടാതെ താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ബന്ധപ്പെട്ട് നിയമ സഹായ ക്ലിനിക്

ആരംഭിക്കുന്നതിനും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും താലൂക്കുകളിൽ നിയമസഹായ ക്ലിനിക്ക് പ്രാവർത്തികമാക്കുന്നതിനുള്ള നിയമസഹായങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

**3. പത്തനംതിട്ട ജില്ല:-**

ജില്ലയിൽ മുതിർന്ന പൗരൻമാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ അടൂരിന്റെ നിയന്ത്രണത്തിൽ കോന്നി, കോഴഞ്ചേരി, അടൂർ എന്നീ തഹസിൽദാർമാരെയും, തിരുവല്ല സബ്കളക്ടറുടെ നിയന്ത്രണത്തിൽ തിരുവല്ല, മല്ലപ്പള്ളി, റാന്നി എന്നീ തഹസിൽദാർമാരെയും അതാത് താലൂക്കുകളിലെ നിയമസഹായ ക്ലിനിക്കിന്റെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളതായും മുതിർന്ന പൗരൻമാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് നോഡൽ ഓഫീസർമാർ പ്രവർത്തിക്കുന്നതിനും സീനിയർ സിറ്റിസൺസ് ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനും നോഡൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും നിയമസഹായ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ, സബ്കളക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**4. ആലപ്പുഴ ജില്ല:-**

മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച ആക്ട് 2007 പ്രകാരം ആലപ്പുഴ ജില്ലയിൽ ആലപ്പുഴ, ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഓരോ ട്രൈബ്യൂണലുകൾ പ്രവർത്തിച്ച് വരുന്നു. ആലപ്പുഴ, ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നിയന്ത്രണത്തിൽ മുതിർന്ന പൗരൻമാരുടെ ക്ഷേമവും, സംരക്ഷണവും ഉറപ്പ് വരുത്തുന്നതിന് താലൂക്കടിസ്ഥാനത്തിൽ തഹസിൽദാർമാരെ നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുള്ളതായും ട്രൈബ്യൂണൽ വിചാരണ നടത്തുന്ന ദിവസങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**5. കോട്ടയം ജില്ല:-**

കോട്ടയം ജില്ലയിലെ റവന്യൂ ഡിവിഷൻ പരിധിയിലുള്ള കോട്ടയം, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി തഹസിൽദാർമാരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും ജില്ലാ

ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ഒരു നിയമസഹായ ക്ലിനിക്ക് എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2 മണി മുതൽ പ്രവർത്തിച്ച് വരുന്നതായും ലീഗൽ സർവ്വീസ് അതോറിറ്റിയുടെ അഡ്വക്കേറ്റ് സിസ്റ്റർ ജ്യോതിസ്.പി. പരാതിക്കാർക്ക് വേണ്ട നിയമ സഹായങ്ങൾ ചെയ്യുന്നുണ്ട്.

**6. ഇടുക്കി ജില്ല:-**

ജില്ലയിൽ താലൂക്ക് അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ആഫീസർമാരുടെ നേതൃത്വത്തിൽ നോഡൽ ആഫീസർമാരെ നിയമിക്കുന്നതിന് റവന്യൂ ഡിവിഷണൽ ആഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**7. തൃശ്ശൂർ ജില്ല: –**

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ടിൽ പരാമർശിക്കും പ്രകാരം മുതിർന്ന പൗരൻമാരുടെ സുരക്ഷയും, ക്ഷേമവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ രണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളുടെയും ഡിവിഷണൽ ഓഫീസർമാരുടെ നിയന്ത്രണത്തിൽ താലൂക്ക് കീഴിൽ റവന്യൂ അടിസ്ഥാനത്തിൽ തഹസിൽദാർമാരെ നോഡൽ ഓഫീസർമാരായി നിയോഗിച്ച് ജില്ലാനിയമ സേവന അതോറിറ്റിയുടെ സഹകരണത്തോടെ നിയമസഹായ ക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**8. പാലക്കാട് ജില്ല:-**

മുതിർന്ന പൗരൻമാരുടെ ക്ഷേമം ഉറപ്പ വരുത്തുന്നതിനായി പാലക്കാട് ജില്ലയിലെ എല്ലാ താലൂക്ക് തഹസിൽദാർമാരെയും "അതാത് താലൂക്കുകളുടെ നോഡൽ ഓഫീസർമാരായി നിയമിച്ച് ആവശ്യമായ നിയമ സഹായം നൽകുന്നതിന് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**9. മലപ്പുറം ജില്ല:-**

മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നിയമസഹായ ക്ലിനിക്കുകൾ 13.01.2021 തിയ്യതി മുതൽ ആരംഭിച്ചിട്ടുള്ളതായും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയും, താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റിയും തെരഞ്ഞെടുക്കുന്ന പാനലിൽ നിന്നും അഭിഭാഷകരെയും, ലീഗൽ വോളണ്ടിയർമാരേയും പ്രസ്തുത നിയമ സഹായ

ക്ലിനിക്കിലേക്ക് നിയമ സഹായം നൽകുന്നതിലേക്ക് നിയമിക്കുന്നതിന് സബ് ജഡ്ജ് സെക്രട്ടറി D L S A യെ ചുമതലപ്പെടുത്തുകയും, പെരിന്തൽമണ്ണ, ഏറനാട്, നിലമ്പൂർ താലൂക്കുകളിലെ നിയമ സഹായ ക്ലിനിക്കിന്റെ കോ-ഓഡിനേറ്ററായി പെരിന്തൽമണ്ണ സബ് കളക്ടറെയും, പൊന്നാനി, തിരൂർ, തിരൂരങ്ങാടി, കൊണ്ടോട്ടി താലൂക്കുകളിലെ നിയമ സഹായ ക്ലിനിക്കിന്റെ കോർഡിനേറ്ററായി തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറേയും, താലൂക്കുകളിൽ നിയമ സഹായ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾക്ക് തഹസിൽദാരെ നോഡൽ ഓഫീസർമാരായി നിയമിച്ചും ഉത്തരവായിട്ടുള്ളതായും മലപ്പുറം ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മുതിർന്ന പൗരൻമാർക്ക് വേണ്ടി കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് കെട്ടിടത്തിലെ താഴത്തെ നിലയിൽ വായു സഞ്ചാരമുള്ള റൂം, മേശ, കസേരകൾ, ഫാൻ, കുടിവെള്ളം, ബാത്ത്റൂം, ആവശ്യമായ മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണമെന്നും, പ്രതിമാസം റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതും, എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് നിയമ സഹായ ക്ലിനിക്ക് പ്രവർത്തിക്കുന്നതും. മുതിർന്ന പൗരന്മാർക്ക് വേണ്ടി 13.01.2021 മുതൽ എല്ലാ താലൂക്കുകളിലും നിയമ സഹായ ക്ലിനിക്കുകൾ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്.

**10. കോഴിക്കോട് ജില്ല :-**

താലൂക്ക് തലത്തിൽ സൗജന്യ നിയമ സഹായം ലഭ്യമാക്കുന്നതിനായി ഓരോ അഭിഭാഷകരുടെയും പേരു വിവരം ലഭ്യമാക്കുവാൻ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുള്ളതായും, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയിൽ നിന്നും അഭിഭാഷകരുടെ പേരു വിവരം ലഭ്യമായാൽ ഉടൻ തന്നെ നിയമ സഹായ ക്ലിനിക്ക് രൂപീകരിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**11. വയനാട് ജില്ല:-**

നിയമസഭാസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ച് വരുന്നതും താലൂക്ക് തലത്തിലുള്ള പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട തഹസിൽദാർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ച് ഉത്തരവായിട്ടുള്ളതും, നോഡൽ ഓഫീസർമാരുടെ പ്രവർത്തനങ്ങളുടെ

നിയന്ത്രണത്തിനായി മാനന്തവാടി സബ്കളക്ടറെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

**12. കണ്ണൂർ ജില്ല:-**

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച് തളിപ്പറമ്പ് താലൂക്ക് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുള്ളതായും, റവന്യൂ ഡിവിഷണൽ ഓഫീസ് / കളക്ടറുടെ നിയന്ത്രണത്തിൽ കണ്ണൂർ, പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, ഇരിട്ടി താലൂക്കുകളിൽ ബന്ധപ്പെട്ട തഹസിൽദാർമാരെ നോഡൽ ഓഫീസറായി നിർദ്ദേശിച്ചിട്ടുള്ളതും ഓരോ താലൂക്ക് ഓഫീസുകളിലും ഹെൽപ്പ് ഡെസ്ക് ആരംഭിക്കുവാൻ ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**13. കാസർഗോഡ് ജില്ല:-**

കാസർഗോഡ് ജില്ലയിലെ എല്ലാ താലൂക്കുകളിലും താലൂക്ക് തഹസിൽദാർമാരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും മുതിർന്ന പൗരൻമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നിയമ സഹായ ക്ലിനിക്കുകൾ ആരംഭിച്ച് മുതിർന്ന പൗരൻമാർക്ക് നിയമസഹായം ലഭ്യമാക്കുന്നതിന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയോട് അപേക്ഷിച്ചിട്ടുണ്ട്.

[illegible] എസ്.
അഡീഷണൽ സെക്രട്ടറി
ദുരന്ത നിവാരണ വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്,തിരുവനന്തപുരം
ഫോൺ: 0471-2513406

അനുബന്ധം - IV

65

സ.ഉ.(കൈ) നം.86/2022/LSGD

"ഭരണഭാഷ മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം — മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.86/2022/LSGD **തീയതി,തിരുവനന്തപുരം, 19-04-2022**

---

**പരാമർശം:-** 1. സ.ഉ (കൈ) നം. 275/2021/തസ്വഭവ; തീയതി 26/11/2021.

2. സ.ഉ (കൈ) നം. 68/2022/തസ്വഭവ; തീയതി 23/03/2022.

**<u>ഉത്തരവ്</u>**

കേരളത്തിന്റെ അഭിമാനമായ ജനകീയാസൂത്രണം അഞ്ച് പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിരിക്കുന്നു. വൈവിധ്യമാർന്നതും ഭാവനാപൂർണ്ണവുമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള പ്രാപ്തി തദ്ദേശഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച് കഴിഞ്ഞു. കോവിഡാനന്തര നവകേരള സൃഷ്ടിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ് പതിനാലാം പദ്ധതിയിൽ ലക്ഷ്യമിട്ടുന്നത്. ഇതോടൊപ്പം പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസനം ഉറപ്പാക്കുക, കാലാവസ്ഥ വ്യതിയാനത്തെയും പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക, സമഗ്രമായ സാമൂഹിക സുരക്ഷ ഉറപ്പാക്കുക, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം എന്നിവയും പതിനാലാം പദ്ധതിയിലെ സുപ്രധാന ലക്ഷ്യങ്ങളാണ്.

2. സംസ്ഥാനത്തിന്റെ പതിനാലാം പദ്ധതി മുന്നോട്ട് വയ്ക്കുന്ന വികസന ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളും വലിയ വിജയമാകണം. അതിന് പര്യാപ്തമാകുന്നതരത്തിൽ ത്രിതല പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വെവ്വേറെ മാർഗ്ഗരേഖകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
28. എല്ലാ സർവകലാശാലകളുടെയും വൈസ് ചാൻസലർമാർക്കും
29. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
30. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
31. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
32. കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
33. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
34. മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
35. ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
36. മാനേജിങ് ഡയറക്ടർ, കേരള ജല അതോറിറ്റി
37. ഡയറക്ടർ, ഭൂജല വകുപ്പ്
38. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
39. എല്ലാ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക്
39. എല്ലാ വികസന വകുപ്പുകളുടെയും ഡയറക്ടർമാർക്ക്
40. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

39) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ/ബോർഡുകൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർക്കും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും

41. വിവര പൊതു ജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
42. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 19-04-2022 16:50:16

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

മറ്റ് വകുപ്പുകളുടെ ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ(റൂറൽ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ(അർബൻ) വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

## 5.4 വികസന ഫണ്ടിന്റെ മേഖലാ വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതവും നിശ്ചയിക്കൽ

5.4.1 പൊതു വിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നി വിഹിതങ്ങൾ വിഭജിപ്പിച്ച് ഉത്പാദനം, സേവനം, പശ്ചാത്തലം മുതലായ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തുന്നതിന് ചുവടെ വിവരിക്കുന്ന നിബന്ധനകൾ പാലിക്കണം.

(1) നഗരസഭകൾ പൊതുവിഭാഗത്തിലെ സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം ലൈഫ് പാർപ്പിട സുരക്ഷാപദ്ധതി, പി.എം.എ.വൈയുടെ അധിക വിഹിതം എന്നിവ ഉൾപ്പെടെയുള്ള പാർപ്പിട മേഖലയ്ക്ക് വകയിരുത്തണം. ഇങ്ങനെ വകയിരുത്തുമ്പോൾ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 20 ശതമാനത്തിൽ കുറയാതെ നീക്കിവയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

(2) പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പാർപ്പിട മേഖലയ്ക്ക് വകയിരുത്തുന്ന 20 ശതമാനം തുക കുറവു ചെയ്ത് ബാക്കി തുകയ്ക്കു മാത്രം മേഖലാ വകയിരുത്തലിന്റെ കുറഞ്ഞ/കൂടിയ പരിധിയും പ്രത്യേക പദ്ധതികളുടെ കുറഞ്ഞ വിഹിതവും കണക്കാക്കേണ്ടതാണ്. ഇരുപത് ശതമാനത്തിൽ കൂടുതൽ തുക വകയിരുത്തുന്ന സന്ദർഭത്തിൽ പ്രസ്തുത തുക (20 ശതമാനത്തിൽ അധികംവരുന്ന തുക) മേഖലാ വിഭജന നിബന്ധനകൾക്ക് വിധേയമായി കണ്ടെത്തേണ്ടതാണ്.

(3) നഗരസഭകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും (Normal Share under General Sector Fund) ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം.

(4) പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്ന് 50 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.

(5) പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.

(6) പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയക്ക് വകയിരുത്താൻ പാടില്ല.

(7) പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്. പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം.

(8) പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.

5.4.2 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മേഖലാ വകയിരുത്തൽ സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 6.7ൽ നൽകിയിട്ടുണ്ട്.